www.societytodaynews.com

2024 NOVEMBER
25
MONDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ടെലികോം സേവനദാതാക്കൾക്ക് ആശ്വാസം

# ജനുവരി മുതൽ പുതിയ ടെലികോം റോ റൂൾ

**ന്യൂഡൽഹി:** ടെലികമ്യൂണിക്കേഷൻ നിയമത്തിനു കീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള റൈറ്റ് ഓഫ് വേ നിയമങ്ങൾ പാലിക്കാൻ എല്ലാ സംസ്ഥാനങ്ങളോടും കേന്ദ്ര ഭരണ പ്രദേശങ്ങളോടും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാർ. നിലവിൽ ഓരോ സംസ്ഥാനത്തെയും റൈറ്റ് ഓഫ് വേ നിയമങ്ങൾ വ്യത്യസ്തമാണ്.



ഈ രീതി മാറ്റി രാജ്യത്തെല്ലായിടത്തും ഒരൊറ്റ റോ റൂൾ അവതരിപ്പിക്കാനാണ് കേന്ദ്ര നീക്കം. രാജ്യത്തെ ടെലികോം രംഗത്ത് പുതിയ മാനദണ്ഡങ്ങൾ അടുത്ത വർഷം ഒന്നുമുതൽ നിലവിൽ വരും.

റിലയൻസ് ജിയോ, ഭാരതി എയർടെൽ, വോഡഫോൺ ഐഡിയ, ബിഎസ്എൻഎൽ എന്നിവർ ഉൾപ്പെടെയുള്ള ടെലികോം സേവനദാതാക്കൾക്ക് ഗുണകരമാകുന്ന റൈറ്റ് ഓഫ് വേ മാനദണ്ഡങ്ങൾ അടുത്തിടെ ടെലികമ്യൂണിക്കേഷൻസ് വകുപ്പു പുറത്തിറക്കിയിരുന്നു.

ഒപ്റ്റിക്കൽ ഫൈബറുകൾ, ടെലികോം ടവറുകൾ എന്നിവ സ്ഥാപിക്കുന്ന നടപടികൾ വേഗത്തിലാക്കാൻ ഇതിലൂടെ കഴിയും എന്നാണു വിലയിരുത്തൽ. പൊതുജനങ്ങളുടെ സുരക്ഷ, സുതാര്യത എന്നിവയിലൂന്നിയ നിർദേശങ്ങളാണ് നൽകിയിരിക്കുന്നത്.

ആവശ്യമായ സർക്കാർ അനുമതികൾ ലഭ്യമാക്കുന്ന നടപടികൾ ഡിജിറ്റൽ വത്കരിക്കുക എന്ന ലക്ഷ്യവും ഇതിലൂടെ സാധ്യമാകും. ഇപ്പോൾ പല സംസ്ഥാന സർക്കാരുകളിൽനിന്നും വിവിധ അനുമതികൾ നേടണമെങ്കിൽ ഓഫ്‌ലൈനായി ഒരുപാട് നടപടിക്രമങ്ങൾ പൂർത്തിയാകേണ്ടതുണ്ട്.

മുൻ ടെലികോം നയങ്ങളിലെ അവ്യക്തതയും അസ്ഥിരതയും ടെലികോം രംഗത്തെ അടിസ്ഥാന സൗകര്യവികസനത്തിനു തടസമാകുന്നതായി പരാതികളുയർന്നിരുന്നു. ഇതിനു പരിഹാരം കാണുകയെന്നതും കേന്ദ്ര സർക്കാരിൻറെ ലക്ഷ്യമാണ്.

പുതിയ നീക്കത്തിലൂടെ കണക്റ്റിവിറ്റിയും രാജ്യത്തിൻറെ ഡിജിറ്റൽ പാതയിലെ മുന്നേറ്റവും സാധ്യമാക്കാൻ കഴിയുമെന്നാണു സേവനദാതാക്കൾ വിലയിരുത്തുന്നത്. രാജ്യത്തെ 5ജി നെറ്റ്‌വർക്കുകളുടെ വേഗത്തിലുള്ള വ്യാപനത്തിനടക്കം ഈ മാറ്റം ഏറെ ഗുണം ചെയ്യുമെന്ന് വിദഗ്ധർ വിലയിരുത്തുന്നു.

ബിഎസ്എൻഎൽ 4ജി വ്യാപനത്തിനും ഇത് ഗുണം ചെയ്യും.

# വിലയേറിയ താരം പന്ത്



**ജിദ്ദ:** ഇന്ത്യൻ പ്രീമിയർ ലീഗിൻറെ ചരിത്രത്തിലെ ഏറ്റവും വിലയേറിയ താരമെന്ന റിക്കാർഡ് ഇനി ഋഷഭ് പന്തിനു സ്വന്തം. 27 കോടി രൂപയ്ക്കു പന്തിനെ ലക്നോ സൂപ്പർ ജയൻറ്സ് സ്വന്തമാക്കി. വിലയേറിയ താരമെന്ന റിക്കാർഡ് മിനിറ്റുകൾ മാത്രം കൈവശം വച്ച് ശ്രേയസ് അയ്യറെയാണ് പന്ത് മറികടന്നത്.

ജിദ്ദയിൽ നടക്കുന്ന ഐപിഎൽ താരലേലത്തിൽ വാശിയേറിയ ലേലത്തിനൊടുവിൽ 26.75 കോടി രൂപയ്ക്ക് പഞ്ചാബ് കിംഗ്സ് ശ്രേയസ് അയ്യരെ സ്വന്തമാക്കിയതോടെയാണ്, ഐപിഎൽ ചരിത്രത്തിലെ ഏറ്റവും വിലയേറിയ താരമായി അദ്ദേഹം മാറിയത്. 18 കോടി രൂപയ്ക്ക് പഞ്ചാബ് കിംഗ്സിലെത്തിയ യുസ്‌വേന്ദ്ര ചാഹൽ ഏറ്റവും കൂടുതൽ വിലയുള്ള ഇന്ത്യൻ സ്പിന്നറെന്ന റിക്കാർഡ് സ്വന്തമാക്കി. ആർടിഎമ്മിലൂടെ വെങ്കിടേഷ് അയ്യരെ 23.75 കോടി രൂപയ്ക്ക് കോൽക്കത്ത നൈറ്റ് റൈഡേഴ്സ് തിരിച്ചെത്തിച്ചു.

കഴിഞ്ഞ സീസണിൽ കോൽക്കത്ത നൈറ്റ് റൈഡേഴ്സ് 24.75 കോടി രൂപയ്ക്ക് സ്വന്തമാക്കിയ ഓസ്ട്രേലിയൻ താരം മിച്ചൽ സ്റ്റാർക്കിൻറെ റിക്കാർഡാണ് അയ്യർ തകർത്തത്. അവസാന നിമിഷം വരെ താരത്തെ ടീമിലെത്തിക്കാൻ വാശിയോടെ പൊരുതിയ ഡൽഹി ക്യാപിറ്റൽസിനെ പിന്തള്ളിയാണ് അയ്യരെ പഞ്ചാബ് സ്വന്തമാക്കിയത്. കഴിഞ്ഞ സീസണിൽ 24.75 കോടിയുമായി റിക്കാർഡിട്ട സ്റ്റാർക്ക്, ഇത്തവണ 11.75 കോടിക്ക് ഡൽഹി ക്യാപിറ്റൽസ് സ്വന്തമാക്കി.

ശ്രേയസ് അയ്യരുടെ റിക്കാർഡിന് മിനിറ്റുകളുടെ ആയുസേ ഉണ്ടായിരുന്നുള്ളൂ. പന്തിനായുള്ള താരലേലം ആരംഭിച്ചതോടെ ലേലം വിളി വീണ്ടും മുറുകി. പന്തിനായി ഡൽഹി ക്യാപിറ്റൽസും ലക്നൗ സൂപ്പർ ജയൻറ്സും വാശിയോടെ പൊരുതിയതോടെ താരത്തിൻറെ വില 20 കോടി കടന്നു. താരത്തെ ആർടിഎമ്മിലൂടെ നിലനിർത്താൻ ഡൽഹി ക്യാപിറ്റൽസ് ശ്രമിച്ചതോടെ വീണ്ടും കളമുണർന്നു.

ഇതോടെ പന്തിൻറെ മൂല്യം ഐപിഎൽ ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന തുകയിലേക്ക് ഉയർത്തി ലക്നൗ സൂപ്പർ ജയൻറ്സ് ഡൽഹിയെ ഞെട്ടിച്ചു. 27 കോടി രൂപ പന്തിന് വിലയിടുന്നതായി ലക്നൗ ഉടമ സഞ്ജീവ് ഗോയങ്ക അറിയിച്ചതോടെ, ഡൽഹി പിന്മാറി.ആർടിഎമ്മിലൂടെ വെങ്കിടേഷ് അയ്യരെ 23.75 കോടി രൂപയ്ക്ക് കോൽക്കത്ത നൈറ്റ് റൈഡേഴ്സ് നിലനിർത്തി.

# 300 ബില്യൺ ഡോളറിൻറ കാലാവസ്ഥാ സാമ്പത്തിക പാക്കേജ് തള്ളി ഇന്ത്യ




**ബകു:** കാലാവസ്ഥാ വ്യതിയാനത്തിൻറെ തീവ്രമായ ആഘാതങ്ങളെ നേരിടാൻ ദുർബല രാജ്യങ്ങളെ സഹായിക്കുന്നതിനായി കാലാവസ്ഥാ ഉച്ചകോടിയിൽ അനുവദിച്ച 300 ബില്യൺ ഡോളർ തീരെക്കുറഞ്ഞു പോയെന്ന് ഇന്ത്യ. ആഗോളതലത്തിൽ 1.3 ട്രില്യൺ ഡോളറിനു വേണ്ടി ആവശ്യപ്പെട്ടപ്പോഴാണ് യുഎൻ കാലാവസ്ഥാ ഉച്ചകോടി 300 ബില്യൺ ഡോളർ അനുവദിച്ചത്. 2035നുള്ളിലാണ് ഫണ്ട് അനുവദിച്ചിരിക്കുന്നത്.

അതൊരുപാട് വിദൂരമായെന്നും വളരെ നിരാശാജനകമാണ് പാക്കേജെന്നും ഇന്ത്യൻ സാമ്പത്തിക കാര്യ വിഭാഗം ഉപദേഷ്ടാവ് ചാന്ദ്നി റെയ്ന അഭിപ്രായപ്പെട്ടു. 2030 നുള്ളിൽ വർഷത്തിൽ 1.3 ട്രില്യൺ ഡോളർ ആണ് നിലവിൽ വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നിലവിലെ സാഹചര്യത്തിൽ ഈ പാക്കേജ് ഇന്ത്യ സ്വീകരിക്കില്ലെന്നും ചാന്ദ്നി വ്യക്തമാക്കി.

സാമ്പത്തിക പാക്കേജ് ഒരു തമാശയാണെന്നാണ് നൈജീരിയ അഭിപ്രായപ്പെട്ടത്. മലാവി, ബോളീവിയ തുടങ്ങിയ രാജ്യങ്ങളും സമാനമായ അഭിപ്രായം രേഖപ്പെടുത്തി.



# പത്താം തരം തുല്യതാ കോഴ്സിൽ ചേരാൻ അവസരം

**കൊച്ചി:** സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന ഏഴാം തരം തുല്യതാ പരീക്ഷയിൽ ജയിച്ചവർക്കും മറ്റു പഠിതാക്കൾക്കും പത്താം തരം തുല്യതാ കോഴ്സിൽ ചേരുന്നതിന് നവംബർ 30 വരെ അവസരം. ഓൺലൈനായി kslma.ketlron.in വെബ്സൈറ്റ് സന്ദർശിച്ച് അപേക്ഷിക്കാം.

40 ശതമാനത്തിൽ അധികം അംഗവൈകല്യം ഉള്ളവർക്കും, ട്രാൻസ്ജെൻഡേഴ്സ്, എസ്.സി/എസ്.ടി പഠിതാക്കൾക്കും ഫീസ് അടക്കേണ്ടതില്ല. ട്രാൻസ് ജെൻഡേഴ്സ് വിഭാഗക്കാർക്ക് പഠനകാലയളവിൽ 1000 രൂപ വീതം സ്കോളർഷിപ്പ് ലഭിക്കും.

പ്രായപരിധി 17 വയസ്. ഏഴാം തരമാണ് പത്താംതരം തുല്യതാ കോഴ്സിൽ ചേരുന്നതിനുള്ള അടിസ്ഥാന യോഗ്യത എട്ട്, ഒമ്പത് ക്ലാസുകളിൽ പഠനം നിർത്തിയവർക്കും, പത്താം ക്ലാസിൽ പരാജയപ്പെട്ടവർക്കും കോഴ്സിൽ ചേരാം.

ഓൺലൈനായി രജിസ്റ്റർ ചെയ്തവർ പ്രിന്റൗട്ട് അനുബന്ധ രേഖകൾ സഹിതം ജില്ലാ സാക്ഷരതാ മിഷൻ ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കണം.ഫോൺ 0484 2426596, 9496877913.

## ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ജല ബജറ്റ് റിപ്പോർട്ട് പ്രകാശനം ചെയ്തു

**കൊച്ചി:** എറണാകുളം ജില്ലയിലെ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ആലങ്ങാട്, കടുങ്ങല്ലൂർ, കരുമാലൂർ, വരാപ്പുഴ ഗ്രാമപഞ്ചായത്തുകളിൽ തയ്യാറാക്കിയ ജലബജറ്റ് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പ്രകാശനം ചെയ്തു.

ഞാറ്റുവേലകളെ ആശ്രയിച്ച് കൃത്യമായ കാർഷിക കലണ്ടർ പ്രകാരം കൃഷി ചെയ്തുവന്നിരുന്ന കേരളത്തിൽ ജലമേഖലയിലെ സുസ്ഥിരത തിരികെകൊണ്ടുവരേണ്ടത് അനിവാര്യമാണ്.

ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കുന്നത്. സിഡബ്യ്യു ആർ ഡി എം, ജലവിഭവ വകുപ്പ് എന്നിവ ഹരിതകേരളം മിഷനുമായി ചേർന്ന് തയ്യാറാക്കിയ പ്രായോഗിക മാർഗരേഖ ഉപയോഗിച്ചാണ് ജല ബജറ്റ്.

ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ് അദ്ധ്യക്ഷയായി. വൈസ് പ്രസിഡന്റ് എം. ആർ രാധാകൃഷ്ണൻ, ആലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എം.മനാഫ്, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാലു, വരാപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കൊച്ചുറാണി ജോസഫ്,കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ,ഹരിതകേരളം മിഷൻ ജില്ലാകോർഡിനേറ്റർ എസ് രഞ്ജിനി,ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.

## മാനവ സഞ്ചാരം ഇന്ന് എറണാകുളത്ത്

### പ്രമുഖർ അണിനിരക്കും

**കൊച്ചി:** സാമൂഹിക സൗഹൃദം ശക്തിപ്പെടുത്തുക, മാനവിക വിചാരങ്ങളെ ഉണർത്തുക തുടങ്ങിയ സന്ദേശങ്ങളുയർത്തി എസ് വൈ എസ് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി കാന്തപുരത്തിന്റെ നേതൃത്വത്തിൽ നവംബർ 16 ന് കാസർകോട്ട് നിന്നും ആരംഭിച്ച മാനവ സഞ്ചാരം നവംബർ 25 ന് എറണാകുളത്തെത്തും.

യാത്ര ഡിസംബർ 1 ന് തിരുവനന്തപുരത്ത് സമാപിക്കുമെന്ന് സ്വാഗതസംഘം ചെയർമാൻ അഡ്വ. ടി.പി.എം. ഇബ്രാഹിം ഖാൻ, കൺവീനർ അഡ്വ. പി എം എം നജീബ് ഖാൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.25 ന് രാവിലെ ആറു മണിക്ക് ഒൻപത് കേന്ദ്രങ്ങളിൽ എസ് വൈ എസ് സംസ്ഥാന നേതാക്കളുടെ നേതൃത്വത്തിൽ ഏർളി ബേർഡ്സ് എന്ന പേരിലുള്ള പ്രഭാത നടത്തവും ഒത്തുകൂടലും ഒരുക്കിയിട്ടുണ്ട്. തുടർന്ന് രാവിലെ ഒമ്പതു മണിക്ക് എറണാകുളം സിദ്റ പ്രിസ്റ്റിൻ ഹോട്ടലിൽ യുവജന സംഘടന പ്രതിനിധികൾ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ എന്നിവരുമായുള്ള കൂടിക്കാഴ്ച നടക്കും. 10.30 ന് സംരംഭകർ, പ്രൊഫഷണലുകൾ എന്നിവരുമായുള്ള ടേബിൾ ടോകും ഉണ്ടാകും. ഉച്ചക്ക് 12.00 ന് മീഡിയ മീറ്റും രണ്ടു മണിക്ക് ശേഷം പ്രാസ്ഥാനിക സംഗമവും നടക്കും. വൈകീട്ട് 4.30 ന് മാനവികതയുടെ സന്ദേശങ്ങളുയർത്തി സൗഹൃദ നടത്തം ഉണ്ടാകും. മറൈൻ ഡ്രൈവിൽ നിന്നും ആരംഭിക്കുന്ന സൗഹൃദ നടത്തം എറണാകുളം ടൗൺ ഹാൾ ഗ്രൗണ്ടിൽ സമാപിക്കും. മത,സാമൂഹിക,രാഷ്ട്രീയ മേഖലകളിലുള്ളവർ ഇതിൽ പങ്കുചേരും. തുടർന്ന് നടക്കുന്ന മാനവസംഗമം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. സ്വാഗതസംഘം ചെയർമാൻ അഡ്വ. ടി.പി.എം. ഇബ്രാഹിം ഖാൻ അധ്യക്ഷത വഹിക്കും. യാത്രാ നായകൻ എസ് വൈ എസ് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി കാന്തപുരം സന്ദേശ പ്രഭാഷണം നടത്തും. സംസ്ഥാന പ്രസിഡന്റ് സയ്യിദ് ത്വാഹ സഖാഫി ആമുഖഭാഷണം നിർവഹിക്കും.

# തിലാപ്പിയ കൃഷി: വാക്സിനുമായി കുസാറ്റ് ഗവേഷകൻ തായ്‌വാനിൽ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് മറൈൻ സയൻസസിലെ മറൈൻ ബയോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി വകുപ്പിലെ ഗവേഷണവിദ്യാർത്ഥിയായ റിഥം ഗുഹ, തായ്വാനിലെ നാഷണൽ പിംഗ്ടംഗ് യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ സയൻറിഫിക് എക്സ്ചേഞ്ച് ഗവേഷണവിദ്യാർത്ഥിയായി ചേർന്നു. തിലാപ്പിയയിലും ഹൈബ്രിഡ് ഗ്രൂപ്പുകളിലും സ്ട്രെപ്റ്റോകോക്കസ്പിനെതിരായ വാക്സിൻ വികസിപ്പിക്കുന്നതിനെക്കുറിച്ച് നിലവിലുള്ള ഇൻഡോതായ്‌വാൻ ഉഭയകക്ഷി കരാറിന്റെ ഭാഗമായാണ് റിഥം തായ്‌വാനിൽ ഉള്ളത്



ജലജീവികളുടെ ആരോഗ്യത്തെക്കുറിച്ചുള്ള പുതിയ സാങ്കേതികവിദ്യകളെക്കുറിച്ച് അറിവ് നേടാനും വാക്സിനേഷൻ മേഖലയിലെ തൻറെ ശാസ്ത്രീയവൈദഗ്ധ്യവും വർധിപ്പിക്കാനുള്ള അവസരമായാണ് റിഥം ഇതിനെ കാണുന്നത്.

കുസാറ്റിലെ അസോസിയേറ്റ് പ്രൊഫസർ ഡോ.പുന്നടത്ത് പ്രീതത്തിൻറെ കീഴിൽ ഗവേഷകവിദ്യാർത്ഥിയാണ് റിഥം. മത്സ്യകൃഷിയെ പരിപോഷിപ്പിക്കുന്നതിന് മത്സ്യവാക്സിനേഷൻ പോലുള്ള പ്രതിരോധമരുന്നുകൾ വികസിപ്പിക്കുന്ന ഗവേഷണത്തിന് മേൽനോട്ടം വഹിക്കുന്ന പ്രൊഫ.ഷി ചു ചെൻ, ഡോ. ഓംകാർ വിജയ് ബ്യാഡ്ഗി എന്നിവരാണ് തായ്‌വാനിൽ റിഥത്തിന്റെ ഗവേഷണസംഘത്തിലുള്ളത്.

# ഇൻഫോപാർക്ക് മൂന്നാം ഘട്ടത്തിനായി ലാൻഡ് പൂളിംഗ്; ഇൻഫോ പാർക്കിൽ ദേശീയ ശില്പശാല സംഘടിപ്പിച്ചു

**കൊച്ചി:** 2024 ലെ സംസ്ഥാന ലാൻഡ് പൂളിംഗ് നിയമവുമായി ബന്ധപ്പെട്ട് ജിസിഡിഎയും ഇൻഫോപാർക്കും സംയുക്തമായി നടത്തുന്ന ദേശീയ ശില്പശാല കൊച്ചി ഇൻഫോപാർക്കിൽ നടന്നു. ഇൻഫോപാർക്കിന്റെ മൂന്നാം ഘട്ട വികസനത്തിനായി ജിസിഡിഎയുമായി ചേർന്ന് ലാൻഡ് പൂളിംഗ് നടത്തുന്നതിനു മുന്നോടിയായാണ് ശില്പശാല. ഇൻഫോപാർക്ക് തപസ്യ ഓഡിറ്റോറിയത്തിൽ നടന്ന ശില്പശാല മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു.

ഐടി ആവാസവ്യവസ്ഥയിൽ കൊച്ചിയുടെ സ്ഥാനം ഏറ്റവും പ്രധാനമായതിനാലാണ് ഇൻഫോപാക്കിന്റെ മൂന്നാം ഘട്ടത്തിനായി ലാൻഡ് പൂളിംഗ് ചർച്ച ചെയ്യുന്നതെന്ന് മന്ത്രി പറഞ്ഞു.

പദ്ധതി വിജയിച്ചാൽ കേരളത്തിന് ഇൻഫോപാർക്ക് മാതൃകയാകും. കേരളത്തിൽ ഭൂമിവില, പാരിസ്ഥിതിക മേഖലാ പ്രശ്നങ്ങൾ, ജനസാന്ദ്രത എന്നിവ ഭൂമി ഏറ്റെടുക്കലിനു പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാക്കുന്ന സാഹചര്യത്തിലാണു ഭൂവുടമയുടെ പൂർണ്ണസമ്മതത്തോടെ ഉപയോഗപ്പെടുത്താവുന്ന ലാൻഡ് പൂളിംഗിന്റെ സാധ്യത പരിശോധിച്ചത്. കേരള ലാൻഡ് പൂളിംഗ് നിയമവും പാസാക്കിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നടപ്പാക്കിയ മാതൃകകൾ വിശകലനം ചെയ്ത് കേരളത്തിന്റെ സാഹചര്യത്തിനൊത്ത മാതൃക രൂപപ്പെടുത്തിയെടുക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

കേരളത്തിലെ ആദ്യ ലാ9ഡ് പൂളിംഗിനായി സർക്കാർ ചുമതലപ്പെടുത്തിയ ജിസിഡിഎ ഇത് രാജ്യത്തിനു മാതൃകയാക്കാവുന്ന വിധം കുറ്റമറ്റതാക്കുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻ പിള്ള പറഞ്ഞു.

പി വി ശ്രീനിജിൻ എംഎൽഎ, ജില്ലാ കളക്ടർ എ9 എസ് കെ ഉമേഷ്, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അബ്ദുൾ മാലിക്, ജിസിഡിഎ സീനിയർ ടൗൺ പ്ലാനർ എം.എം. ഷീബ, ജിസിഡിഎ സെക്രട്ടറി ഇന്ദു വിജയനാഥ് തുടങ്ങിയവർ പങ്കെടുത്തു. ഗുജറാത്തിൽ നിന്നുള്ള നഗരാസൂത്രണ വിദഗ്ധരായ ഗോപാൽദാസ് ഷാ, രാജേഷ് റാവൽ, ആന്ധ്രപ്രദേശ് തലസ്ഥാന വികസന അതോറിറ്റി അഡിഷണൽ കമ്മീഷണർ സുര്യസായി പ്രവീൺ ചന്ദ്, നിയമവിദഗ്ധൻ മാത്യു ഇടിക്കുള തുടങ്ങിയവർ പരിശീലനത്തിന് നേതൃത്വം നൽകി. ജിസിഡിഎ ഉദ്യോഗസ്ഥർ, എറണാകുളം ജില്ലാ ഭരണകൂടം പ്രതിനിധികൾ , തദ്ദേശസ്വയംഭരണം, റവന്യു, ഐടി വകുപ്പ് ഉദ്യോഗസ്ഥർ, ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് ഉദ്യോഗസ്ഥർ, എൻജിനീയറിംഗ് കോളേജ് പ്രതിനിധികൾ, നിയമവിദഗ്ധർ തുടങ്ങിയവരും പങ്കെടുത്തു.

ഇൻഫോപാർക്ക് രണ്ട് ഘട്ടങ്ങളിലെ കെട്ടിടങ്ങളും പൂർണ്ണമായും നിറഞ്ഞ സാഹചര്യത്തിൽ പ്രായോഗിക പ്രശ്നങ്ങളൊന്നുമില്ലാത്ത മാതൃകാ ഐടി പാ4ക്കായി മൂന്നാം ഘട്ടത്തെ മാറ്റുകയാണു ലക്ഷ്യമെന്ന് ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ പറഞ്ഞു.

ആറ് സുപ്രധാന ഘടകങ്ങളാണ് ഇൻഫോപാർക്ക് മൂന്നാം ഘട്ടത്തിലുണ്ടാകുന്നത്. കാർബൺ ന്യൂട്രൽ, ജലവിഭവ സ്വയംപര്യാപ്തത, പൂർണമായ മാലിന്യ നിർമാർജനം, കൊച്ചി നഗരം ദേശീയപാത റെയിൽവേ വിമാനത്താവളം തുടങ്ങിയ ഗതാഗത സംവിധാനങ്ങളിലേക്കുള്ള കണക്ടിവിറ്റി, എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ഐടി പാർക്ക്, കെട്ടിടങ്ങളെയോ ഐടി കമ്പനികളെയോ അലോസരപ്പെടുത്താത്ത അറ്റകുറ്റപ്പണി സംവിധാനം എന്നിവയാണ് ഇവിടെ വിഭാവനം ചെയ്യുന്നതെന്ന് സിഇഒ വ്യക്തമാക്കി.

എറണാകുളം ജില്ലയിൽ മുന്നൂറ് ഏക്കറിലാകും ഇൻഫോപാർക്ക് മൂന്നാം ഘട്ട പദ്ധതി. ഐടി കമ്പനികൾക്ക് പുറമെ പാർപ്പിട സൗകര്യങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, കായികസാംസ്ക്കാരിക സംവിധാനങ്ങൾ, ആശുപത്രികൾ തുടങ്ങിയവ ഇതിന്റെ ഭാഗമായിരിക്കും. ഇൻഫോപാർക്ക് മൂന്നാം ഘട്ട പദ്ധതിക്കായി എറണാകുളം ജില്ലയിൽ 300 ഏക്കർ സ്ഥലത്ത് ലാൻഡ് പൂളിംഗ് നടത്തുന്നതിന് ജിസിഡി എയെ ചുമതലപ്പെടുത്തി സർക്കാർ ഒക്ടോബറിൽ ഉത്തരവ് ഇറക്കിയിരുന്നു. 2024ലെ സർക്കാർ നിയമം നിലവിൽ വന്നതിനു ശേഷമുള്ള ആദ്യത്തെ ലാൻഡ് പൂളിംഗ് പദ്ധതിയാകും ഇൻഫോപാർക്ക് മൂന്നാംഘട്ടത്തിനായി നടപ്പാക്കുന്നത്.

# ആന്റിബയോട്ടിക് സാക്ഷരത പൊതുസമൂഹത്തിന് അനിവാര്യം മന്ത്രി പി പ്രസാദ്

**ആലപ്പുഴ:** ആൻറി മൈക്രോബിയൽ റെസിസ്റ്റൻസ് അഥവാ ആൻറിബയോട്ടിക്കുകൾക്കെതിരെയുള്ള രോഗാണുക്കളിലെ പ്രതിരോധം നിശബ്ദമാരിയായി ലോകം മുഴുവൻ അംഗീകരിക്കുന്ന പശ്ചാത്തലത്തിൽ ആൻറിബയോട്ടിക്കുകളുടെ ഉപയോഗം സംബന്ധിച്ച് സാക്ഷരത ഉണ്ടാക്കിയെടുക്കണമെന്ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ്. മനുഷ്യരിലും മൃഗങ്ങളിലും സസ്യ വൃക്ഷാദികളിലും അണുബാധ തടയുന്നതിനും ചികിത്സിക്കുന്നതിനും ഉപയോഗിക്കുന്ന ആന്റിബയോട്ടിക്കുകൾ, ആന്റിവൈറലുകൾ തുടങ്ങിയ മരുന്നുകളുടെ ദുരുപയോഗവും അശാസ്ത്രീയമായ പ്രയോഗവും മരുന്നുകളോട് രോഗാണുക്കൾ പ്രതികരിക്കാത്ത സാഹചര്യമുണ്ടാക്കും. ഇത് പകർച്ചവ്യാധി നിയന്ത്രണത്തിലും ചികിത്സയുടെ സാധ്യതകളെയും ഇല്ലാതാക്കുമെന്ന് മന്ത്രി പറഞ്ഞു. ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സാമൂഹ്യ അധിഷ്ഠിത ആന്റി മൈക്രോബിയൽ പ്രതിരോധ നിയന്ത്രണ പരിപാടി 'അമരം' (ആലപ്പുഴ മോഡൽ ഓഫ് ആൻറി മൈക്രോബ്യൻ റെസിസ്റ്റൻസ് അവയർനസ് ആൻഡ് മിറ്റിഗേഷൻ ) ജില്ലാതല ഉദ്ഘാടനം മുഹമ്മയിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ആൻറിബയോട്ടിക്കുകളുടെ കണ്ടുപിടിത്തം ലോകത്ത് വലിയ മാറ്റമുണ്ടാക്കി. ജീവൻ നിലനിർത്തുന്നതിന് ഏറെ ഗുണപ്പെട്ടു. എന്നാൽ സ്വയം ചികിത്സയും ആവശ്യമില്ലാത്ത സന്ദർഭത്തിലുള്ള ആൻറിബയോട്ടിക്കുകളുടെ ഉപയോഗവും രോഗാണുക്കളിൽ വലിയ പ്രതിരോധമാണ് സൃഷ്ടിക്കുന്നത്. രോഗാണുക്കളെ അതിജീവിക്കുന്നതിന് ആൻറിബയോട്ടിക്കുകൾക്ക് കഴിയാത്ത സാഹചര്യം ഇത് സൃഷ്ടിക്കും. ഈ വിഷയത്തെ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലം മുതൽ ഗൗരവത്തോടെയാണ് കാണുന്നതെന്നും അതിൻറെ തുടർച്ചയായാണ് ആലപ്പുഴയിൽ ഇത്തരമൊരു ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ ജില്ല പഞ്ചായത്ത് പ്രസിഡൻറ് കെ.ജി.രാജേശ്വരി അധ്യക്ഷത വഹിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടിക്ക് എല്ലാ പിന്തുണയും നൽകുമെന്ന് ജില്ല പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

അമരം ലോഗോ പ്രകാശനം, ജില്ലാ മെഡിക്കൽ ഓഫിസ് ആരോഗ്യ ബോധവൽക്കരണ വിഭാഗം തയ്യാറാക്കിയ കൈപ്പുസ്തകം പ്രകാശനം എന്നിവ കൃഷി മന്ത്രി പി. പ്രസാദ് നിർവഹിച്ചു. ചടങ്ങിനോട് അനുബന്ധിച്ച് ബോധവത്ക്കരണ പ്രദർശനം, സന്ദേശ പ്രചാരണ റാലി എന്നിവ സംഘടിപ്പിച്ചിരുന്നു.അമരം മുഹമ്മ ഗ്രാമപ്പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന്റെ പ്രഖ്യാപനം വിളംബര പത്രിക വായിച്ചു കൊണ്ട് മുഹമ്മ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സ്വപ്ന ഷാബു നിർവഹിച്ചു. എ.എം.ആർ പ്രതിജ്ഞ മുഹമ്മ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ.ടി. റെജി ചൊല്ലിക്കൊടുത്തു. ഏകാരോഗ്യം പോസ്റ്റർ മുഹമ്മ ബ്ലോക്ക് വൺ ഹെൽത്ത് മെന്റർ സോണി ഏറ്റുവാങ്ങി.ജില്ലാ ആരോഗ്യവകുപ്പ് ബോധ്യം വാട്ട്സ് ആപ്പ് ചാനലിലൂടെ എ.എം.ആർ ബോധവത്കരണ സന്ദേശ പ്രചാരണോദ്ഘാടനം മുഹമ്മ ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രസിഡന്റ് നസീമ ടീച്ചർ നിർവഹിച്ചു. മുഹമ്മ ഗ്രാമ പഞ്ചായത്ത് ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ സി.ഡി വിശ്വനാഥൻ സംസാരിച്ചു.

ഉപയോഗ ശൂന്യമായ മരുന്നുകളുടെ ശേഖരണത്തിനുള്ള പ്രൗഡ് പ്രോഗ്രാം പോസ്റ്റർ പ്രകാശനം ജില്ല എ.എം.ആർ നോഡൽ ഓഫീസർ ഡോ ശാന്തി, ഡോ ജയന്തി, ഡോ ടെനി എന്നിവർക്ക് കൈമാറി. ജില്ലാ എ.എം.ആർ നോഡൽ ഓഫീസർ ഡോ ശാന്തി ക്ലാസ് നയിച്ചു.ആർദ്രം നോഡൽ ഓഫീസർ ഡോ ബിനോയ് ടി , ജില്ലാ എജുക്കേഷൻ ആൻറ് മീഡിയ ഓഫീസർ രജനി ജി.,മുഹമ്മ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എം.പി. മഹീധരൻ, ഡോ ജീന എസ്.എൻ, ഡോ സുമൻ, ബ്ലോക്ക് ഹെൽത്ത് സൂപ്പർവൈസർ വിനോദ് എന്നിവർ സംസാരിച്ചു.

# ഭരണഘടനയുടെ അന്തസത്ത ഉൾക്കൊണ്ട് നിയമങ്ങൾ നടപ്പിലാക്കണം: ചീഫ് സെക്രട്ടറി

**തിരുവനന്തപുരം:** നിയമങ്ങൾ നടപ്പിലാക്കുന്നതും വ്യാഖ്യാനിക്കുന്നതും ഭരണഘടനയുടെ അന്തസത്ത ഉൾക്കൊണ്ടാകണമെന്ന് ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ പറഞ്ഞു. സെക്രട്ടേറിയറ്റ് ശ്രുതി ഹാളിൽ നിയമവകുപ്പ് സംഘടിപ്പിച്ച അഖില കേരള ഭരണഘടനാപ്രസംഗ മത്സരമായ വാഗ്മി 2024 ന്റെ ഫൈനൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ചീഫ് സെക്രട്ടറി.

വിവിധ വ്യാഖ്യാനങ്ങളിൽ കൂടിയും ഭേദഗതികളിൽ കൂടിയും ഭരണഘടനയിൽ കാലാനുസൃതമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. മൗലികാവകാശങ്ങളിൽ ഉൾപ്പെടെ വന്ന മാറ്റങ്ങൾ നമുക്ക് ഉൾക്കൊള്ളാൻ കഴിയണം. കേരളത്തെ ഏറ്റവും സ്വാധീനിച്ച തദ്ദേശഭരണ സംവിധാനവുമായി ബന്ധപ്പെട്ട 73, 74 ഭരണഘടനാ ഭേദഗതികൾ ഇതിനു മികച്ച ഉദാഹരണമാണ്. ഭരണഘടനയുടെ അടിസ്ഥാന ഘടനയും തത്വങ്ങളും അടിസ്ഥാനമാക്കിയാണ് നിയമനിർമാണവും ഭേദഗതികളും നടപ്പിലാക്കുന്നത്. നമ്മുടെ ഭരണ സംവിധാനങ്ങൾ നിലനിൽക്കുന്നത് നിയമവാഴ്ച ഉറപ്പാക്കാനാണ്. എല്ലാവർക്കും ഒരുപോലെ സ്റ്റേറ്റിന്റെ വിഭവങ്ങളും സംരക്ഷണവും ലഭ്യമാകണം. സമൂഹത്തിലെ പാർശ്വവൽകൃതരെ പരിഗണിക്കാനും അവർക്കുവേണ്ടി നിയമത്തെ വ്യാഖ്യാനിക്കാനും കഴിയണമെന്ന് ചീഫ് സെക്രട്ടറി പറഞ്ഞു. ഭരണഘടനാദിനാഘോഷങ്ങളുടെ ഭാഗമായി നിയമ വകുപ്പിന്റെ ഔദ്യോഗികഭാഷാ പ്രസിദ്ധീകരണ വിഭാഗം ഭരണഘടനയെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തെ കോളജ് വിദ്യാർത്ഥികൾക്കായി പ്രസംഗമത്സരം സംഘടിപ്പിച്ചത്. വാഗ്മി2024 മേഖലാമത്സരങ്ങളിലെ വിജയികളായ ഫൈനലിസ്റ്റുകൾക്ക് കേരള ഔദ്യോഗിക ഭാഷ (നിയമനിർമാണ) കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഭരണഘടനയുടെ പതിപ്പും സാക്ഷ്യപത്രവും മെമന്റോയും സമ്മാനിച്ചു.

നിയമ (ഭരണ) വകുപ്പ് അഡീഷണൽ നിയമസെക്രട്ടറി എൻ ജീവൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മുൻ നിയമ സെക്രട്ടറി കെ ശശിധരൻ നായർ, ഔദ്യോഗികഭാഷപ്രസിദ്ധീകരണ സെൽ വിഭാഗം അഡീഷണൽ നിയമസെക്രട്ടറി ഷിബു തോമസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# ഭിന്നശേഷി സൗഹൃദം; പുരസ്കാര നിറവിൽ ആലപ്പുഴ

**ആലപ്പുഴ:** ദൈനംദിന ജീവിതത്തിൽ പലവിധ വെല്ലുവിളികൾ നേരിടുന്ന ജില്ലയിലെ ഭിന്നശേഷിക്കാരെ സഹാനുഭൂതിയോടെ ചേർത്തുപിടിച്ച് നടത്തിയ പ്രവർത്തനങ്ങളാണ് സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയ ഭിന്നശേഷി പുരസ്കാരത്തിന് ആലപ്പുഴ ജില്ലാ പഞ്ചായത്തിനെ അർഹമാക്കിയത്. ഭിന്നശേഷി സൗഹൃദപ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ ഏറ്റവും മികച്ച ജില്ലാ പഞ്ചായത്തായി തിരഞ്ഞെടുക്കപ്പെട്ട ആലപ്പുഴക്ക് ഒരു ലക്ഷം രൂപയുടെ പുരസ്കാരമാണ് ലഭിക്കുന്നത്. മന്ത്രി ആർ ബിന്ദുവാണ് വെള്ളിയാഴ്ച തിരുവനന്തപുരത്ത് പുരസ്കാരപ്രഖ്യാപനം നടത്തിയത്.

ഭിന്നശേഷിക്കാരുടെ വ്യത്യസ്തമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവരെ ചേർത്തുപിടിക്കാനായി ഒട്ടേറെ പ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ ജില്ലാ പഞ്ചായത്ത് നടത്തിയതെന്ന് പ്രസിഡന്റ് കെ ജി രാജേശ്വരി പറഞ്ഞു. ഭിന്നശേഷിക്കാർക്കായി സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഫണ്ട് വിനിയോഗിച്ച ജില്ലാ പഞ്ചായത്ത് ആലപ്പുഴയാണ്.

ജില്ലാ പഞ്ചായത്തിന്റെ പരിധിയിലുള്ള ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനായി മാത്രം 72 പഞ്ചായത്തുകൾക്ക് 92,59,928 രൂപയാണ് അനുവദിച്ചു നൽകിയത്.

# ചിരാത് 2024: പോസ്റ്റർ രചനാ മത്സര വിജയികൾക്ക് സമ്മാനം നൽകി

**കൊച്ചി:** ദേശീയ ക്ഷയരോഗ നിർമാർജന പരിപാടിയുടെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലാ ആരോഗ്യ വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ സംഘടിപ്പിച്ച പോസ്റ്റർ രചനാ മത്സരത്തിലെ വിജയികൾക്കുള്ള പുരസ്കാരങ്ങൾ സമ്മാനിച്ചു. ജില്ലയിലെ നാല് വിദ്യാഭ്യാസ ഉപജില്ലകളിൽ നിന്നും പന്ത്രണ്ട് വിദ്യാർത്ഥികൾ പുരസ്കാരങ്ങൾക്ക് അർഹരായി.

കാക്കനാട് കളക്ടറേറ്റ് സ്പാർക്ക് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ എൻ. എസ്.കെ. ഉമേഷ് പുരസ്കാരങ്ങൾ വിതരണം ചെയ്തു.

ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. ആശാദേവി, ഡെപ്യൂട്ടി ഡി. എം. ഒ. ഡോ. സവിത, ജില്ലാ ടി.ബി. ഓഫീസർ ഡോ. വി.എം. സുനിത, ജില്ലാ ക്ഷയരോഗ കേന്ദ്രം സീനിയർ കൺസൾട്ടന്റ് ഡോ. മുഹമ്മദ് സലിം, എൻ ടി ഇ പി ഡബ്ല്യു എച്ച് ഒ കൺസൾട്ടന്റ് ഡോ. എ.വി. ഗായത്രി, മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സൂപ്രണ്ട് ഡോ. സിസിലി തങ്കച്ചൻ തുടങ്ങിയവരും വിവിധ ഉദ്യോഗസ്ഥരും മെഡിക്കൽ കോളേജുകളിൽ നിന്നുള്ള പ്രതിനിധികളും സമ്മാനാർഹരായ വിദ്യാർത്ഥികളുടെ രക്ഷിതാക്കളും പങ്കെടുത്തു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള വാഴക്കുളം അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ടിൽ 202324 സാമ്പത്തിക വർഷം അങ്കണവാടി സാധനങ്ങൾ വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തിയതി ഡിസംബർ 10 ന് ഉച്ചയ്ക്ക് രണ്ടു വരെ ഫോൺ 0484 2952488, 9387162707

## ഉടമവിഹിത കുടിശിക അടയ്ക്കാം

**കൊച്ചി:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സോഫ്റ്റ് വെയറും മോട്ടോർ വാഹന വകുപ്പിന്റെ പരിവാഹൻ സോഫ്റ്റ് വെയറുമായുള്ള ലിങ്ക് പുനഃസ്ഥാപിച്ചിട്ടുണ്ട്. പരിവാഹൻ ഡിലിങ്ക് ചെയ്ത കാലയളവിൽ ഉടമവിഹിതം കുടിശിക വരുത്തിയ വാഹന ഉടമകൾക്ക് നാല് തവണകളായി ഒടുക്കുന്നതിന് ബോർഡ് സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് ചെയർമാൻ കെ. കെ.ദിവാകരൻ അറിയിച്ചു.ഫോൺ: 04842401632.

## കാർഷിക യന്ത്രോപകരണങ്ങളുടെ സർവ്വീസ് ആന്റ് റിപ്പയറിംഗ് ക്യാമ്പ്

**കൊച്ചി:** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സംസ്ഥാനമൊട്ടാകെ നടത്തിവരുന്ന, കാർഷിക യന്ത്രോപകരണങ്ങളുടെ സർവ്വീസ് ആന്റ് റിപ്പയറിംഗ് ക്യാമ്പുകളുടെ ഭാഗമായി കോതമംഗലം ബ്ലോക്കിലെ രണ്ടാം ഘട്ട ക്യാമ്പ് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നവംബർ 26ന് രാവിലെ 10 ന് നടത്തും. കർഷകരുടെയും കാർഷിക കൂട്ടായ്മകളുടെയും സ്വകാര്യ വ്യക്തികളുടെയും കേടു സംഭവിച്ച് പ്രവർത്തന രഹിതമായ കാർഷിക യന്ത്രസാമഗ്രികൾ ക്യാമ്പിൽ പ്രവർത്തന നന്നാക്കി കൊടുക്കും. യന്ത്രങ്ങളുടെ റിപ്പയറിംഗും മൈനർ റിപ്പയറുകൾക്ക് ആവശ്യമായ സ്പെയർ പാർട്സുകളുടെ വിലയും സൗജന്യമായിരിക്കും (പരമാവധി 1,000/). കാർഷിക യന്ത്രങ്ങൾ റിപ്പയർ ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തിൾക്കും കർഷക സംഘങ്ങൾക്കും അപേക്ഷിക്കാം. ഫോൺ: 8943198880, 9496246073

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ മുനമ്പത്തുള്ള, ലോക്കർ ഹാൾ/ഓഫീസിന്റെ ഒന്നാം നമ്പർ, രണ്ടാം നമ്പർ മുറികൾ 2025 ജനുവരി ഒന്നു മുതൽ 2025 ഡിസംബർ 31 അർദ്ധ രാത്രി വരെ വാടകയ്ക്ക് ഉപയോഗിക്കുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചു.ഫോൺ: 0484 2397370.

## വികസിത് ഭാരത് ക്വിസ് 2024 യുവാക്കൾക്ക് അവസരം

**കൊച്ചി:** നാഷണൽ യൂത്ത് ഫെസ്റ്റിവൽ 2025 ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിൽ പങ്കെടുക്കാൻ യുവതി യുവാക്കൾക്ക് അവസരം.15 29 വയസുവരെയുള്ളവർക്ക് നവംബർ 25 നും ഡിസംബർ 5 നും ഇടയിൽ മേരാ യുവ ഭാരത് പ്ലാറ്റ് ഫോമിൽ നടക്കുന്ന ഡിജിറ്റൽ ക്വിസിൽ പങ്കെടുത്ത് തുടർ ഘട്ടങ്ങളിലേക്ക് യോഗ്യത നേടാവുന്നതാണ്. വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ് ജനുവരി 11, 12 തീയതികളിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും.

ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ മൈ ഭാരത് പ്ലാറ്റ് ഫോമിലും (https://mybharat.gov.in/), സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, നെഹ്റു യുവ കേന്ദ്ര, നാഷണൽ സർവീസ് സ്കീം എന്നിവയുടെ ഓഫിസുകളിൽ നിന്നും ലഭിക്കും. ഫോൺ:04842422800/8714508255

# സഹാനുഭൂതി പകരാൻ നിർമിതബുദ്ധിയും; ലിറ്റിൽ കൈറ്റ്സ് ഉപജില്ലാ ക്യാമ്പുകൾക്ക് തുടക്കമായി


**ആലപ്പുഴ:**നിർമിതബുദ്ധി ഉപയോഗപ്പെടുത്തി സഹജീവികൾക്ക് സഹാനുഭൂതി പകരുന്നതടക്കമുള്ള വ്യത്യസ്തമായ പ്രവർത്തനങ്ങളുമായി ലിറ്റിൽ കൈറ്റ്സ് ഉപജില്ലാ ക്യാമ്പുകൾക്ക് ജില്ലയിൽ തുടക്കമായി. ഭിന്നശേഷി കുട്ടികൾക്ക്കൈത്താങ്ങാകുവാനുള്ളപ്രോഗ്രാം തയ്യാറാക്കുക, പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണത്തിനായി അനിമേഷൻ ചിത്രങ്ങൾ നിർമ്മിക്കുക തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങളാണ് ക്യാമ്പുകളിൽ സംഘടിപ്പിക്കുന്നത്.

പൊതുവിദ്യാലയങ്ങളിൽ കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' പദ്ധതിയുടെ ഭാഗമായിട്ടാണ്ദ്വിദിന ഉപജില്ലാ ക്യാമ്പുകൾ ജില്ലയിൽ സംഘടിപ്പിച്ചിരിക്കുന്നത്. യൂണിസെഫിന്റെ സഹായത്തോടെയാണ് ക്യാമ്പുകളുടെ പ്രവർത്തനങ്ങൾ.

നിർമ്മിത ബുദ്ധി (എഐ)സംവിധാനങ്ങൾ ഉപയോഗിച്ച് ഭിന്നശേഷി കുട്ടികൾക്ക് കൈത്താങ്ങാകുവാനുള്ള പ്രോഗ്രാം തയ്യാറാക്കലാണ് ഈ വർഷത്തെ ക്യാമ്പുകളുടെ ഒരു പ്രധാന പ്രവർത്തനം. സംസാരിക്കാനും കേൾക്കാനും പ്രയാസം നേരിടുന്ന കുട്ടികൾക്ക് ആംഗ്യഭാഷയിൽ സംവദിക്കാൻ കഴിവുള്ള പ്രോഗ്രാമുകൾ എഐ ഉപയോഗിച്ച് തയ്യാറാക്കും. ഇത് ആംഗ്യഭാഷ പഠിക്കാൻ മാത്രമല്ല ഭിന്നശേഷി കുട്ടികളോട് സംവദിക്കാൻ പ്രേരിപ്പിക്കുകയും പ്രാപ്തമാക്കുകയും ചെയ്യുന്ന വിധത്തിലാണ് മൊഡ്യൂൾ. സമൂഹത്തിന്റെ ക്ഷേമത്തിനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണമെന്ന വിശ്വാസം യുവമനസ്സുകളിൽ വളർത്താനും ഈ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നു.

പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണത്തിനുള്ള അനിമേഷൻ ഷോർട്ട്ഫിലിമുകളും ക്യാമ്പുകളിൽ തയ്യാറാക്കും.സ്വതന്ത്ര സോഫ്റ്റ്‌വെയറുകളായ ഓപ്പൺടൂൺസ്, ബ്ലെൻഡർ തുടങ്ങിയവ ഉപയോഗിച്ചാണ്കുട്ടികൾ ഇത് തയ്യാറാക്കുന്നത്. നഗരവൽക്കരണത്തിലൂടെ നശിപ്പിക്കപ്പെട്ട പ്രദേശം രണ്ടു പക്ഷികളുടെ പ്രയത്നത്തിലൂടെ ഹരിതാഭമാക്കുന്നതെങ്ങനെ എന്ന ആശയത്തിലാണ് കുട്ടികൾ അനിമേഷൻ ചിത്രങ്ങൾ തയ്യാറാക്കുക. മനുഷ്യരുടെ അമിതമായ ചൂഷണം മൂലം നഷ്ടപെട്ട പ്രകൃതിയുടെ പ്രതാപം വീണ്ടെടുക്കാൻ ഓരോരുത്തരും വഹിക്കേണ്ട പങ്കിനെക്കുറിച്ച് അവബോധം നൽകുക എന്ന ലക്ഷ്യമാണ് ഈ പ്രവർത്തനത്തിനത്തിലൂടെ മുന്നോട്ടു വെക്കുന്നത്.

ജില്ലയിൽ144 ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലായി 13547 അംഗങ്ങളാണുള്ളത്. സ്കൂൾതല ക്യാമ്പുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 969 കുട്ടികളാണ് ഉപജില്ലാ ക്യാമ്പുകളിൽ പങ്കെടുക്കുന്നത്. വിവിധ ബാച്ചുകളായാണ് ക്യാമ്പുകൾ ക്രമീകരിച്ചിട്ടുള്ളത്. ക്യാമ്പിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന 80 കുട്ടികളെ ഡിസംബറിൽ നടക്കുന്ന ജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കും.



# മികച്ച വിത്തുൽപാദന കേന്ദ്രമായി വീയപുരം; ഓരോ സീസണിലും ഉൽപാദിപ്പിക്കുന്നത് 100 ടൺ വിത്ത്

**എടത്വ:** സംസ്ഥാനത്തെ മികച്ച വിത്തുൽപാദന കേന്ദ്രമായ വീയപുരം വിത്തുൽപാദന കേന്ദ്രത്തിൽ നിന്നു ഓരോ സീസണിലും പുറത്തിറക്കുന്നത് അത്യുൽപാദന ശേഷിയുള്ള 100 ടൺ വിത്ത്. ബ്രീഡ് സീഡ് യൂണിവേഴ്സിറ്റികളിൽ നിന്നെത്തിച്ച് സ്വന്തം പാടശേഖരത്ത് വിതച്ച് ന്യൂനതകൾ ഇല്ലാതെയാണു വിത്ത് പുറത്തിറക്കുന്നത്. 25 സ്ഥിരം തൊഴിലാളികളും 7 താൽക്കാലിക തൊഴിലാളികളും സീനിയർ അഗ്രികൾചർ ഓഫിസർ ഉൾപ്പെടെ 5 ഓഫിസ് ജീവനക്കാരും ചേർന്നാണ് വർഷത്തിൽ കൃഷിയിൽ നിന്നു 90 മുതൽ 100 ടൺ വരെ നെൽവിത്ത് ഉൽപാദിപ്പിക്കുന്നത്.

മുൻപു ഇവിടത്തെ വിത്ത് തൃശൂരിലെ കേരള സീഡ് അതോറിറ്റിയുടെ സംഭരണശാലയിലോ ജില്ലയിലെ സംഭരണ കേന്ദ്രത്തിലോ ആണ് സൂക്ഷിച്ചിരുന്നത്. വിളവെടുക്കുന്ന നെല്ല് ഫാമിലെ യാഡിൽ നിരത്തി ഉണക്കി ഈർപ്പരഹിതം ആക്കി സീഡ് പ്രോസസിങ് യന്ത്രത്തിനുള്ളിൽ കൂടി കടത്തി വിട്ട് ഗുണനിലവാരം മനസ്സിലാക്കി സംസ്കരിച്ച് 30 കിലോഗ്രാമിന്റെ ചാക്കുകളിൽ നിറച്ചാണ് സൂക്ഷിക്കുന്നത്. മുൻപ് സംഭരണ കേന്ദ്രങ്ങളിലേക്ക് മാറ്റിയിരുന്ന വിത്തുകൾ നിലവിൽ സൂക്ഷിക്കുന്നതു ഫാമിലാണ്.

യൂണിവേഴ്സിറ്റിയിൽ നിന്നു ഫൗണ്ടേഷൻ സീഡ് 1 എന്ന ക്രമത്തിൽ വരുന്ന വിത്തിനെ ഫൗണ്ടേഷൻ സീഡ് 2 എന്ന ഇനത്തിൽ മാറ്റിയാണു കർഷകർക്ക് വിതരണം ചെയ്യുന്നത്. പ്രകൃതിദത്തമായി സംസ്കരിച്ച് തയാറാക്കുന്ന വിത്തിനെ 6 മുതൽ 8 മാസം വരെ സൂക്ഷിച്ചു വയ്ക്കാൻ കഴിയുമെന്നു സീനിയർ അഗ്രികൾചർ ഓഫിസർ ടി.എസ്.വൃന്ദ പറഞ്ഞു.

50 ഏക്കർ വിസ്തീർണമുള്ള ഫാമിന്റെ അച്ചൻകോവിൽ ആറിനോടു ചേർന്നു കിടക്കുന്ന പുറംബണ്ടിന് 2.1 കിലോമീറ്റർ നീളമുണ്ട്. പുറംബണ്ടിന്റെ കുറച്ചു ഭാഗം കൂടി സംരക്ഷിക്കേണ്ടതുണ്ട്. അതുകൂടി പൂർത്തീകരിച്ചാൽ വർഷത്തിൽ രണ്ടു കൃഷിയിറക്കി വിത്തുൽപാദനം ഇരട്ടിയാക്കാൻ കഴിയും. കൃഷി ചെലവുകൾക്കായി 20 ലക്ഷത്തോളം രൂപ ചെലവാകുമ്പോൾ 40 മുതൽ 45 ലക്ഷം രൂപയുടെ വിത്ത് വിതരണം ചെയ്യാൻ കഴിയുന്നുണ്ടെന്നും ഓഫിസർ പറഞ്ഞു.

# കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്കു സഹായം; വൺ സ്റ്റോപ് ഫെസിലിറ്റി സെന്ററുകൾ വരുന്നു

**ആലപ്പുഴ:** കുടുംബശ്രീ വഴി നടപ്പാക്കുന്ന സൂക്ഷ്മ സംരംഭങ്ങൾക്കു കൂടുതൽ പിന്തുണ നൽകാൻ വൺ സ്റ്റോപ് ഫെസിലിറ്റി (ഒഎസ്എഫ്) സെന്ററുകൾ വരുന്നു. സംരംഭങ്ങൾക്കു ബിസിനസ് സേവനങ്ങൾ നൽകുന്നതിന് ബ്ലോക്ക് തലത്തിൽ തുടങ്ങുന്ന ബിസിനസ് കം ഇൻകുബേഷൻ സെന്ററുകൾ എന്ന നിലയ്ക്കാണ് ഇവയുടെ പ്രവർത്തനം. തിരുവനന്തപുരം ജില്ലയിലെ പാറശാല, പെരുങ്കടവിള, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, അമ്പലപ്പുഴ ബ്ലോക്കുകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത്.

ഒരു ജില്ലയിലെ രണ്ടു ബ്ലോക്കുകൾ ചേരുന്നതാണ് ഒരു ഒഎസ്എഫ് സെന്റർ. മൂന്നു വർഷമാണ് ഒരു ഒഎസ്എഫ് പദ്ധതിയുടെ പ്രവർത്തന കാലാവധി. ഈ കാലയളവിൽ ഒരു സെന്ററിൽ നിന്ന് 150 സംരംഭക യൂണിറ്റുകൾക്കു പിന്തുണ നൽകും. സൂക്ഷ്മ സംരംഭ മേഖലയിലെ സംരംഭകർക്കു തൊഴിൽ മേഖല വിപുലീകരിക്കാനും വരുമാനം വർധിപ്പിക്കാനും പദ്ധതി സഹായകമാകും.

സംസ്ഥാന സർക്കാരിന്റെ നാലാം നൂറുദിന കർമപരിപാടിയിൽ ഉൾപ്പെടുത്തിയാണു പദ്ധതി നടപ്പാക്കുക. നിലവിലെ സംരംഭങ്ങൾക്കുള്ള വികസന സേവനങ്ങൾ, പുതിയ സംരംഭങ്ങൾ തുടങ്ങാനും വളർത്താനുമുള്ള ആശയരൂപീകരണവും പിന്തുണയും, സംരംഭങ്ങൾ സജ്ജീകരിക്കാനും പ്രവർത്തിപ്പിക്കാനും ആവശ്യമായ സംവിധാനം, സംരംഭകർക്ക് പരിശീലനം, മാർക്കറ്റിങ്ങിനും വായ്പ ലഭ്യതയ്ക്കുമുള്ള പിന്തുണ എന്നിവ പദ്ധതി വഴി ലഭ്യമാക്കും. സിഡിഎസുകളിൽ റജിസ്റ്റർ ചെയ്ത സംരംഭങ്ങൾക്കാണ് ഒഎസ്എഫ് സെന്ററുകളിലൂടെ പിന്തുണ ലഭിക്കുക. പിന്തുണ ലഭിക്കുന്നതിൽ 30% പുതിയ സംരംഭങ്ങളാകും. ബാക്കി നിലവിലുള്ളവയും.

# തടി ലോറികളിൽ അമിത ഭാരം ഒഴിവാക്കണം: എൻഫോഴ്സ്മെന്റ് ആർടിഒ

**കൊച്ചി:** പെരുമ്പാവൂർ മൂവാറ്റുപുഴ മേഖലയിൽ എം സി റോഡിലെയും പരിസര പ്രദേശങ്ങളിലെയും പ്ലൈവുഡ് മില്ലുകളിലേക്കു മറ്റ് ജില്ലകളിൽ നിന്ന് തടി കയറ്റി വരുന്ന വാഹനങ്ങൾ അമിതഭാരവും അപകടകരമായ വിധത്തിൽ ലോറിക്കു പുറത്തേക്കു തടികൾ തള്ളി നിൽക്കുന്നതും ഒഴിവാക്കണമെന്നു എറണാകുളം ആർടിഒ നിർദേശിച്ചു.

കോതമംഗലം പെരുമ്പാവൂർ, മൂവാറ്റുപുഴ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന പ്ലൈവുഡ് കമ്പനികളിലേക്കായി ദിവസവും തടിയുമായി എം സി റോഡ് വഴി അഞ്ഞൂറിലധികം റോളം ഭാരവാഹനങ്ങൾ എത്തുന്നുണ്ട്. ഇവ പെരുമ്പാവൂരിലെ മാർക്കറ്റുകളിലെ വെയ്ബ്രിഡ്ജുകളിൽ തൂക്കം നോക്കി വില നിശ്ചയിച്ചു കഴിഞ്ഞ ശേഷമാണു കമ്പനികളിൽ എത്തുന്നത്. ഈ വാഹനങ്ങൾ അപകടകരമായ രീതിയിൽ പുറത്തേക്കു തള്ളി നിൽക്കുന്നതും അമിതഭാരം കയറ്റുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചതിനെ തുടർന്നാണ് ആർടിഒയുടെ നിർദേശം. വാഹനത്തിൽ ലോഡ് കയറ്റുമ്പോൾ ഇവ സുരക്ഷിതമായി പരിചയ സമ്പത്ത് ഉള്ളവരെ കൊണ്ട് ബലമുള്ള കയറുകളാൽ ബന്ധിച്ചു സുരക്ഷിതമാക്കണം. കയറുകൾ വാഹനത്തിന്റെ അരികുകളിൽ ഉരഞ്ഞു പൊട്ടുന്നത് ഒഴിവാക്കാൻ ഇടയ്ക്കിടെ വാഹനം നിർത്തി പരിശോധിക്കണം. തടി കയറ്റി വരുന്ന വാഹനങ്ങൾ റോഡിൽ വലിയ തിരക്കുള്ള സമയം ഒഴിവാക്കണം.

ടിപ്പർ ലോറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയത് പോലെ ഈ വാഹനങ്ങൾക്കും സമയ നിയന്ത്രണം ഏർപ്പെടുത്താവുന്നതുമാണ്. വാഹനത്തിന്റെ കാബിൻ ലെവലിൽ മുകളിലേക്കും വശങ്ങളിലേക്കും തടി തള്ളി നിൽക്കുന്നത് ഒഴിവാക്കണം. വാഹനം കുഴികളിൽ ചാടുമ്പോഴും ബ്രേക്ക് ചെയ്യുമ്പോഴും അമിതമായി ഉലയുകയും ബാലൻസ് നഷ്ടപ്പെടാനും കെട്ടു പൊട്ടാനും സാധ്യത കൂടുതലാണ്. വാഹനങ്ങളുടെ വശങ്ങളിൽ വാണിംഗ് ലൈറ്റുകളും റിഫ്ളക്ടീവ് സ്റ്റിക്കറുകളും സ്ഥാപിച്ചു സുരക്ഷ ഉറപ്പു വരുത്തണം. വിവിധ പഞ്ചായത്തുകളിൽ നിന്നും തടി കയറ്റി വരുന്ന വാഹനങ്ങൾ മൂലം പഞ്ചായത്ത് റോഡ് തകരുകയും വൈദ്യുതി കമ്പികൾ പൊട്ടുകയും മറ്റ് നാശ നഷ്ടങ്ങൾ സംഭവിക്കുകയും ചെയ്യുന്നതായി പരാതികൾ ലഭിക്കുന്നു. ഭാര വാഹനങ്ങൾ ചെറിയ റോഡുകൾ ഒഴിവാക്കി സഞ്ചരിക്കണം. ഡ്രൈവർക്ക് പുറമേ ഒരു സഹായി കൂടി ഈ വാഹനങ്ങളിൽ ഉറപ്പാക്കണം. വാഹനങ്ങളുടെ അറ്റകുറ്റ പണികൾ യഥാസമയം നിർവഹിച്ചിട്ടുണ്ടെന്നും കയറുകൾ നിലവാരമുള്ളതാണെന്നും ഉടമകൾ ഉറപ്പാക്കണം. പരിചയ സമ്പന്നരായ ഡ്രൈവർമാരെ വാഹനങ്ങളിൽ നിയോഗിക്കേണ്ടതും ഇവർ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ദൂര സ്ഥലങ്ങളിൽ നിന്നും വരുന്ന വാഹനങ്ങളിലെ ഡ്രൈവർമാർക്ക് മതിയായ ഉറക്കം ലഭിച്ചു എന്ന് ഉറപ്പു വരുത്തേണ്ടതും ക്ഷീണം തോന്നുകയാണെങ്കിൽ വാഹനം റോഡിൽ നിന്നും മാറ്റി നിർത്തി ക്ഷീണം ഒഴിവാക്കിയതിനു ശേഷം യാത്ര തുടരേണ്ടതുമാണ്. അമിതഭാരം കയറ്റുന്നത് ഒഴിവാക്കുന്നതിലൂടെ വാഹനത്തിന്റെയും റോഡുകളുടെയും സുരക്ഷയും നിലനിൽപ്പും ഉറപ്പാക്കുന്നുവെന്നും ആർടിഒ അറിയിച്ചു.




**26 മത് അഖില കേരള ഭവൻസ് കലോത്സവം ഓവറോൾ ചാമ്പ്യൻഷിപ്പ് ട്രോഫി കരസ്ഥമാക്കി കാക്കനാട് ഭവൻസ് ആദർശ വിദ്യാലയം**

# അഖില കേരള ഭവൻസ് കലോത്സവം

**കൊച്ചി :** ഇരുപത്താറാമത് അഖിലകേരള ഭവൻസ് കലോത്സവം കാറ്റഗറി 5 ഹയർ സെക്കന്ററി വിഭാഗം മത്സരങ്ങൾ ഭവൻസ് വിദ്യാമന്ദിർ ഗിരിനഗറിൽ വെച്ച് നടന്നു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം സംഘടിപ്പിച്ച കലോത്സവത്തിൽ കേരളത്തിലെ ഭാരതീയ വിദ്യാഭവന്റെ കീഴിലുള്ള 21 വിദ്യാലയങ്ങളിൽ നിന്നായി നാനൂറോളം കുട്ടികൾ മാറ്റുരച്ചു.

രാവിലെ 8:30 ന് പ്രശസ്ത സംവിധായകനായ ശ്രീ തരുൺ മൂർത്തി കലോത്സവം ഉദ്ഘാടനം ചെയ്തു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രയുടെ ചെയർമാൻ സി എ വേണുഗോപാൽ സി ഗോവിന്ദ് ചടങ്ങിൽ അധ്യക്ഷനായിരുന്നു. ഡയറക്ടർ ശ്രീ ഇ രാമൻകുട്ടി ആമുഖപ്രസംഗം നടത്തി. ഭവൻസ് വിദ്യാമന്ദിർ ഗിരിനഗർ പ്രിൻസിപ്പൽ ശ്രീമതി ശ്രീജ്യോതി എൻ, പി ടി എ പ്രസിഡന്റ് മുഹമ്മദ് ഫൈസൽ, വൈസ് പ്രിൻസിപ്പൽ ശ്രീമതി സിന്ധു കെ എന്നിവർ സംസാരിച്ചു. വൈകുന്നേരം 4 ന് നടന്ന സമാപനസമ്മേളനത്തിൽ ഡയറക്ടർ ശ്രീ ഇ രാമൻകുട്ടി , ഡെപ്യൂട്ടി ഡയറക്ടർ ശ്രീ കെ. സുരേഷ്, പ്രോഗ്രാം ചീഫ് കോ ഓർഡിനേറ്റർ ശ്രീമതി മീന വിശ്വനാഥൻ എന്നിവർ സംബന്ധിച്ചു. കാറ്റഗറി ഒന്നു മുതൽ 5 വരെയുള്ള മത്സരങ്ങളിൽ 584 പോയിന്റോടെ

ഭവൻസ് ആദർശ വിദ്യാലയ, കാക്കനാട് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ഭവൻസ് വിദ്യാമന്ദിർ എളമക്കര 539 പോയിന്റോടെ ഫസ്റ്റ് റണ്ണർ അപ്പ് സ്ഥാനം നേടി.

കാറ്റഗറി ഒന്നു മുതൽ 4 വരെയുള്ള വിഭാഗത്തിൽ ഭവൻസ് ആദർശ വിദ്യാലയ 423 പോയിന്റോടെ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. തിരുവാങ്കുളം ഭവൻസ് മുൻഷി വിദ്യാശ്രമം 393 പോയിന്റോടെ ഫസ്റ്റ് റണ്ണർ അപ്പ് ട്രോഫി നേടി.കാറ്റഗറി അഞ്ച് വിഭാഗത്തിൽ ഭവൻസ് ആദർശ വിദ്യാലയ, കാക്കനാട് ചാമ്പ്യൻഷിപ്പ് നേടി. ഭവൻസ് വിദ്യാമന്ദിർ എളമക്കരയാണ് ഫസ്റ്റ് റണ്ണർ അപ്പ്.കാറ്റഗറി അഞ്ചിലെ ഭവൻസ് പ്രതിഭയായി ഭവൻസ് ആദർശ വിദ്യാലയയിലെ വിശാൽ എസ്. ജെ, ഭവൻസ് ജ്യോതിയായി ഭവൻസ് വിദ്യാമന്ദിർ എരൂരിലെ അനന്യ ഭദ്ര അനുപം എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

# വിജിലൻസ് ബോധവൽകരണം: ക്വീൻസ് വോക് വേയിൽ ഫ്ളാഷ് മോബുമായി സിഎംഎഫ്ആർഐ




**കൊച്ചി:** പൊതുജനങ്ങളിൽ വിജിലൻസ് അവബോധം സൃഷ്ടിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം(സിഎംഎഫ്ആർഐ) ക്വീൻസ് വോക് വേയിൽ ഫ്ലാഷ് മോബും ബോധവൽകരണ സംഗമവും നടത്തി. വിജിലൻസ്ബോധവൽകരണ വാരാചരണ ക്യാമ്പയിനിന്റെ ഭാഗമായായിരുന്നു പരിപാടി. ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും ഗവേഷണ വിദ്യാർത്ഥികളുമടങ്ങുന്ന സംഘമാണ് ബോധവൽകരണം നടത്തിയത്. അഴിമതിരഹിത സമൂഹത്തെ സൃഷ്ടിക്കാൻപൗരൻമാർക്കിടയിൽ ജാഗ്രതയും ഉത്തരവാദിത്വബോധവും വളർത്തേണ്ടതിന്റെ പ്രാധാന്യം ഉണർത്തുന്നതായിരുന്നു ബോധവൽകരണ സംഗമം. പുതുതലമുറയിലേക്ക് സന്ദേശമെത്തിക്കുന്നത് ലക്ഷ്യമിട്ട് നടത്തിയ ഫ്ലാഷ് മോബിന് മികച്ച പ്രതികരണമാണ് ലഭിച്ചത്. സിഎംഎഫ്ആർഐ വിജിലൻസ് ഓഫീസർ ഡോ ജെ ജയശങ്കർ, ഷെൽഫിഷ് ഫിഷറീസ് ഡിവിഷൻ മേധാവി ഡോ എ പി ദിനേഷ്ബാബു എന്നിവർ പ്രസംഗിച്ചു.

# പെരുമ്പാവൂരിലെ ഗതാഗതക്കുരുക്ക്: വ്യാപാര മേഖല പ്രതിസന്ധിയിൽലെന്ന് കെ.എച്ച്.ആർ.എ

**കൊച്ചി:** പെരുമ്പാവൂരിലെ രൂക്ഷമായ ഗതാഗതക്കുരുക്കുമൂലം പെരുമ്പാവൂരിലെ വ്യാപാരമേഖലയും യാത്രക്കാരും വലിയ പ്രതിസന്ധി നേരിടുകയാണെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടുകൊണ്ട് യാതൊരുവിധ ഗതാഗത ക്രമീകരണങ്ങളും ഏർപ്പെടുത്താത്ത സാഹചര്യത്തിൽ പെരുമ്പാവൂരിലെ ഗതാഗതക്കുരുക്ക് അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുകയാണെന്നും, വ്യാപാര മേഖലയ്ക്ക് പ്രവർത്തിക്കാനാവാത്ത സാഹചര്യമാണ് ഉണ്ടായിരിക്കുന്നതെന്നും, ആയതുകൊണ്ട് അടിയന്തിരമായി ഗതാഗതക്കുരുക്കിനൊരു പരിഹാരം കാണണമെന്നും ഇല്ലെങ്കിൽ പെരുമ്പാവൂരിലെ വ്യാപാരമേഖലയും ഒപ്പം തന്നെ ടൂറിസം മേഖലയും തകർന്നുപോകുമെന്നും കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ അധികാരികളോട് അഭ്യർത്ഥിച്ചു. ആയതുകൊണ്ട് അടിയന്തിരമായി പെരുമ്പാവൂരിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണണമെന്ന് കെ.എച്ച്.ആർ.എ. സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും, ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. പാർത്ഥസാരഥിയും, പെരുമ്പാവൂർ യൂണിറ്റ് പ്രസിഡന്റ് കെ. ഇ. നൗഷാദും, യൂണിറ്റ് സെക്രട്ടറി കെ. ബി. ശശി എന്നിവർ അധികാരികളോട് ആവശ്യപ്പെട്ടു.

# ഐഎഫ്എഫ്കെ: ഡെലിഗേറ്റ് റജിസ്ട്രേഷൻ ഇന്നുമുതൽ

**തിരുവനന്തപുരം:** ഡിസംബർ 13 മുതൽ 20 വരെ തിരുവനന്തപുരത്ത് നടക്കുന്ന രാജ്യാന്തര ചലച്ചിത്രമേളയുടെ (ഐഎഫ്എഫ്കെ) ഡെലിഗേറ്റ് റജിസ്ട്രേഷൻ ഇന്നു 10 മുതൽ ആരംഭിക്കും. ൃ ലഴശേൃമശേീ.ശളളസ.ശി എന്ന ലിങ്കിലൂടെ റജിസ്ട്രേഷൻ നടത്താം. പൊതുവിഭാഗത്തിന് 1180 രൂപയും വിദ്യാർഥികൾക്ക് 590 രൂപയുമാണ് ഫീസ്. മേളയുടെ മുഖ്യവേദിയായ ടഗോർ തിയറ്ററിലുള്ള ഡെലിഗേറ്റ് സെൽ മുഖേനയും റജിസ്ട്രേഷൻ നടത്താം.

8 ദിവസങ്ങളിലായി 180 ചിത്രങ്ങളാണു പ്രദർശിപ്പിക്കുക.15 തിയറ്ററുകളിലാണു പ്രദർശനം. ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽനിന്നുള്ള സിനിമകളുടെ മത്സര വിഭാഗം, മുൻനിര ചലച്ചിത്ര മേളകളിൽ അംഗീകാരങ്ങൾ നേടിയ സിനിമകൾ ഉൾപ്പെടുന്ന ലോക സിനിമ വിഭാഗം, ഇന്ത്യൻ സിനിമ നൗ, മലയാളം സിനിമ ടുഡേ, കൺട്രി ഫോക്കസ് വിഭാഗത്തിലുള്ള ചിത്രങ്ങൾ, മൺമറഞ്ഞ ചലച്ചിത്ര പ്രതിഭകൾക്ക് സ്മരണാഞ്ജലിയർപ്പിക്കുന്ന ഹോമേജ് വിഭാഗം തുടങ്ങിയവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഖര, ദ്രവ മാലിന്യ സംസ്കരണം: കൂടുതൽ പ്രോജക്ടുകൾ നടപ്പാക്കാൻ ജില്ലാ ശുചിത്വ മിഷൻ

**പത്തനംതിട്ട:** ശുചിത്വ, മാലിന്യമുക്ത മേഖലയിൽ കൂടുതൽ പദ്ധതികൾ ഏറ്റെടുക്കാൻ മാലിന്യമുക്ത നവകേരളം ജനകീയ കാമ്പയിൻറെ ഭാഗമായി നടന്ന ജില്ലാതല ദ്വിദിന ശില്പശാല തീരുമാനിച്ചു.

ശില്പശാലയിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭ അടിസ്ഥാനത്തിൽ വിഷയാവതരണങ്ങൾ നടന്നു. മാലിന്യസംസ്കരണ രംഗത്ത് ജില്ലയിലെ വിവിധ മേഖലയിൽ നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്തു. സ്വച്ഛ് ഭാരത് മിഷൻ ഫണ്ടുകൾ ഉപയോഗിച്ച് ഖര, ദ്രവ മാലിന്യ സംസ്കരണ രംഗത്ത് കൂടുതൽ പ്രോജക്ടുകൾ നടപ്പാക്കുമെന്ന് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ നിഫി എസ്. ഹക്ക് പറഞ്ഞു.

ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽനിന്നും പ്രതിനിധികൾ ശില്പശാലയിൽ പങ്കെടുത്തു. മാലിന്യ സംസ്കരണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, സമ്പൂർണത, സുസ്ഥിരത എന്നിവയിൽ വിശദമായ സംവാദങ്ങൾ നടന്നു. സംസ്കരണ രംഗത്ത് ജില്ലയിൽ സ്വീകരിക്കേണ്ട നടപടികൾ, ഏറ്റെടുക്കേണ്ട പദ്ധതികൾ എന്നിവയിൽ അന്തിമരൂപം നൽകി.

ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെ മൂന്ന് ബാച്ചുകളായി തിരിച്ചാണ് രണ്ടു ദിവസത്തെ പരിപാടി സംഘടിപ്പിച്ചത്. തദ്ദേശ സ്ഥാപന അധ്യക്ഷർ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷർ, ജില്ലയിലെ ഉന്നത സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് രാജി പി. രാജപ്പൻ ശില്പശാലയുടെ ഉദ്ഘാടനം നിർവഹിച്ചു. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ആർ. തുളസീധരൻ പിള്ള അധ്യക്ഷത വഹിച്ചു. ജില്ലാ ശുചിത്വ മിഷൻ കോഓർഡിനേറ്റർ നിഫി എസ്. ഹക്ക് ചടങ്ങിൽ ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.



**ശബരിമല: കേരളകൗമുദി ചീഫ് ഫോട്ടോഗ്രാഫർ എൻ.ആർ. സുധർമ്മദാസ് രചന നിർവഹിച്ച അയ്യപ്പ ഭക്തിഗാനം "മലയിലുണ്ടയ്യൻ" പ്രകാശനം ശബരിമല സന്നിധാനത്ത് നടന്ന ചടങ്ങിൽ തന്ത്രി കണ്ഠരര് രാജീവര്, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ് പ്രശാന്ത്, മേൽശാന്തി അരുൺ കുമാർ നമ്പൂതിരി, കീഴ്ശാന്തി എസ്.കൃഷ്ണൻ പോറ്റി എന്നിവർ ചേർന്നാണ് പ്രകാശന കർമ്മം നിർവ്വഹിക്കുന്നു. കേരളകൗമുദി പത്തനംതിട്ട യൂണിറ്റ് ചീഫ് ബി.എൽ.അഭിലാഷ്, റിപ്പോർട്ടർ മനോജ് കുമാർ.എസ്, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ മുരാരി ബാബു, ദേവസ്വം പി.ആർ.ഒ അരുൺ കുമാർ ജി.എസ്, എൻ.ആർ.സുധർമ്മദാസ്, ശബരിമല റിപ്പോർട്ടർ ടി.എസ്.സനൽ കുമാർ എന്നിവർ സമീപം.**

# വിജയ വഴിയിൽ; ചെന്നൈയിനെ തകർത്ത് ബ്ലാസ്റ്റേഴ്സ്

**കൊച്ചി:** ഐ.എസ് എൽ സതേൺ ഡെർബിയിൽ ചെന്നൈയിൻ എഫ്സിയെ മൂന്ന് ഗോളിന് തകർത്ത് ത്രസിപ്പിക്കുന്ന വിജയവുമായി കേരള ബ്ലാസ്റ്റേഴ്സ്. ഹെസ്യൂസ് ഹിമിനസിന്റെയും നോഹ സദൂയിയുടെയും കെ.പി രാഹുലിന്റെയും മിന്നുന്ന ഗോളാണ് ബ്ലാസ്റ്റേഴ്സിന് സ്വന്തം തട്ടകത്തിൽ ആവേശ ജയമൊരുക്കിയത്. കഴിഞ്ഞ മൂന്ന് കളികളിൽ പരാജയപ്പെട്ട ബ്ലാസ്റ്റേഴ്സ് ഇക്കുറി ആധികാരിക പ്രകടനം പുറത്തെടുത്തു. മൂന്നാം ജയത്തോടെ ഒമ്പത് കളിയിൽ 11 പോയിന്റുമായി പട്ടികയിൽ എട്ടാംസ്ഥാനത്തേക്ക് മുന്നേറാനും കഴിഞ്ഞു. കൊച്ചിയിൽ തുടർച്ചയായ 16ാം മത്സരത്തിലും ഗോൾ നേടിയതോടെ ബ്ലാസ്റ്റേഴ്സ് റെക്കോഡ് നേട്ടത്തിനൊപ്പമെത്തി.

ഹൈദരാബാദിനെതിരെ കളിച്ച ടീമിൽ മാറ്റങ്ങളുമായാണ് ബ്ലാസ്റ്റേഴ്സ് ഇറങ്ങിയത്. വലയ്ക്ക് മുന്നിൽ സോംകുമാറിന് പകരം സച്ചിൻ സുരേഷ് എത്തി. പ്രതിരോധത്തിൽ മിലോസ് ഡ്രിൻസിച്ച്, നവോച്ച സിങ്, റുയ്വാ ഹോർമിപാം, സന്ദീപ് സിങ് എന്നിവർ തുടർന്നു. മധ്യനിരയിൽ അലെക്സാൻഡ്രെ കൊയെഫ് ഇറങ്ങിയില്ല. വിബിൻ മോഹനൻ, അഡ്രിയാൻ ലൂണ, ഫ്രെഡി, കോറു സിങ് എന്നിവർ. മുന്നേറ്റത്തിൽ ഹെസ്യൂസ് ഹിമിനെസ്, നോഹ സദൂയ്. ചെന്നൈയിൻ ഗോൾമുഖത്ത് മുഹമ്മദ് നവാസ്. പ്രതിരോധത്തിൽ മന്ദാർ ദേശായ്, റ്യാൻ എഡ്വാർഡ്സ്, യുമ്നം, ലെന്ത്ലെയ്. മധ്യനിരയിൽ എൽസിന്യോ, വിൻസി ബരെറ്റൊ, ഫാറൂഖ് ചൗധരി, ലൂകാസ് ബ്രാംബില്ല. മുന്നേറ്റത്തിൽ ഇർഫാൻ യദ്വാഡും വിൽമർ ഗില്ലും. മികച്ച തുടക്കമാണ് ബ്ലാസ്റ്റേഴ്സ് കുറിച്ചത്. തുടർ ആക്രമണങ്ങളുമായി വേഗത്തിൽ കളംപിടിച്ചു. പത്താം മിനിറ്റിൽ വിബിൻ ഒരുക്കിയ നീക്കത്തിൽ നോഹ അടിപായിച്ചെങ്കിലും ചെന്നൈയിൻ പ്രതിരോധം തടഞ്ഞു. പിന്നാലെ ഹിമിനസിന്റെ അടി പോസ്റ്റിൽ തട്ടിത്തെറിച്ചു. 27ാം മിനിറ്റിൽ മറ്റൊരു മികച്ച അവസരം കൈവന്നു. ഇക്കുറി ബോക്സിൽവച്ച് നോഹയ്ക്ക് പിഴച്ചു. ഹിമിനസിന്റെ ഷോട്ട് തടയുകയും ചെയ്തു. ഇടവേളയ്ക്ക് തൊട്ടുമുമ്പ് ബ്ലാസ്റ്റേഴ്സ് ഗോളിന് അരികെയെത്തിയതാണ്. നോഹയുടെ മിന്നുന്ന ക്രോസ് ബോക്സിലേക്ക്. എന്നാൽ ഹിമിനെസിന് ലക്ഷ്യം കാണാനായില്ല. മറുവശത്ത് ഗോൾ കീപ്പർ സച്ചിൻ സുരേഷിന്റെ മികവ് ബ്ലാസ്റ്റേഴ്സിനെ കാത്തു.




രണ്ടാംപകുതിയിൽ ചെന്നൈയിൻ പ്രതിരോധത്തെ ബ്ലാസ്റ്റേഴ്സ് വിറപ്പിച്ചു. അതിനുള്ള ഫലവും കിട്ടി. 56ാം മിനിറ്റിൽ ഒന്നാന്തരം ഗോൾ പിറന്നു. പ്രതിരോധ മേഖലയിൽനിന്നായിരുന്നു തുടക്കം. ഇടതുവശത്ത്നിന്ന് ലൂണ പന്തുമായി മുന്നേറി. പിന്നെ മിന്നുന്ന പാസ് ബോക്സിന് പുറത്തേക്ക്. നോഹയ്ക്ക് എത്തിപ്പിടിക്കാനായില്ലെങ്കിലും ഓടിയെത്തിയ കോറു സിങ് ഗോൾമുഖത്തേക്ക് നീട്ടിയടിച്ചു. ക്ലോസ് റേഞ്ചിൽ നിൽക്കുകയായിരുന്നു ഹിമിനെസ് മനോഹരമായി പന്ത് വലയിലേക്ക് തൊടുത്തു. എട്ട് കളിയിൽനിന്ന് സ്പാനിഷുകാരന്റെ ആറാംഗോൾ. പിന്നാലെ നോഹയുടെ ഷോട്ട് പോസ്റ്റിൽ തട്ടി പുറത്തുപോയി. 62ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് ആദ്യമാറ്റംവരുത്തി. കോറുവിന് പകരം രാഹുൽ കെ.പി കളത്തിലെത്തി. ഏഴ് മിനിറ്റിൽ ബ്ലാസ്റ്റേഴ്സിന്റെ രണ്ടാമത്തെ മിന്നും ഗോളെത്തി. ലൂണ ബോക്സിലേക്ക് തള്ളികൊടുത്ത പന്ത് അനായാസം നോഹ വലയിലേക്കിട്ടു. സീസണിലെ നാലാംഗോൾ.

തുടർന്നും കളി പൂർണമായും ബ്ലാസ്റ്റേഴ്സിന്റെ കാലുകളിലായിരുന്നു. നോഹയായിരുന്നു അപകടകാരി. ഇതിനിടെ ഫ്രെഡിക്ക് പകരം ഡാനിഷ് ഫാറൂഖ് കളത്തിലെത്തി. ഹിമിനെസിന് പകരം ക്വാമി പെപ്രയുമെത്തി. പരിക്ക് സമയത്ത് (92ാം മിനിറ്റ്) രാഹുലിന്റെ ഗോളിൽ ബ്ലാസ്റ്റേഴ്സ് ജയം പൂർത്തിയാക്കി. നോഹയുടെ മിന്നുന്ന നീക്കമായിരുന്നു രാഹുലിന്റെ ഗോളിന് വഴിയൊരുക്കിയത്. ഗോൾ കീപ്പർ മാത്രം മുന്നിൽ നിൽക്കെ നോഹ ബോക്സിൽവച്ച് രാഹുലിന് പന്ത് നൽകുകയായിരുന്നു. 28ന് എഫ്സി ഗോവയുമായാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത കളി. കൊച്ചിയാണ് വേദി.

## സുഗതകുമാരിയുടെ കവിതയുടെ സ്വതന്ത്ര നാടകാവിഷ്ക്കാരം കാവലാളിന്റെ ആദ്യാവതരണം ഇന്ന്

**കൊച്ചി:** പ്രശസ്ത കവയിത്രി സുഗതകുമാരിയുടെ കവിതയായ പശ്ചിമഘട്ടത്തിന്റെ സ്വതന്ത്ര നാടകാവിഷ്ക്കാരമായ കാവലാളിന്റെ ആദ്യ അവതരണം ഇന്ന് ( തിങ്കളാഴ്ച്ച , 25 നവംബർ). സുഗതനവതി ആഘോഷത്തിന്റെ ഭാഗമായി വൈകിട്ട് 6 മണിക്ക് ചങ്ങമ്പുഴ പാർക്കിലാണ് നാം ചിൽഡ്രൻസ് തീയറ്റർ നാടകം അവതരിപ്പിക്കുന്നത്.

ഞങ്ങളുടെ മണ്ണ് ഞങ്ങൾ ഞങ്ങളുടെ ഭാവി, ഞങ്ങൾ വീണ്ടെടുപ്പിന്റെ തലമുറ എന്ന ഈ വർഷത്തെ ലോക പരിസ്ഥിതി ദിന സന്ദേശത്തെ കേന്ദ്ര ബിന്ദുവാക്കി പശ്ചിമഘട്ടം കവിത നാടകമാക്കിയിരിക്കുന്നത്. നാടക രചനയും സംവിധാനവും ഷേർലി സോമസുന്ദരൻ. തൻമയി ബാലസുമ, ഹൈസാം ബിനാസ്, ആതിഷ് ഗോപാൽ, മാധവ് ആർ തമ്പി, ഗൗരി പ്രവീൺ, അർച്ചന രാജേഷ്, ചന്ദന ദാസ്, അലോക ഫ്ളോറിയ, ആത്മിയ ഫ്ളോറിയ, അശ്വിൻ ഡെന്നി, ലേഖ സി ഷെട്ടി, മാളവിക എ. അർ, ഗോവിന്ദ് വിനോദ്, ശ്രീകാന്ത് വി നായർ, നോറ എലിസബത്ത് ജോർജ്, നിരഞ്ജന രഞ്ജിത്ത്, ഹയ, അഞ്ജിക നായർ എന്നിവരാണ് നാടകം അരങ്ങിലെത്തിക്കുന്നത്.



ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രത്തിന്റെ ഭാഗമാണ് കുട്ടികൾക്കായുള്ള നാം തിയേറ്റർ.

## സ്കിൽ ഡേ 2024 മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** കളമശ്ശേരി ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ആരംഭിച്ച പൈലറ്റ് സ്കിൽ ഡെവലപ്മെൻറ് സെന്ററിൽ സ്കിൽ ഡേ 2024 ഇന്ന് (നവംബർ 25) ഉച്ചയ്ക്ക് 12ന് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും.

സെന്ററിലെ ഡ്രോൺ സർവീസ് ടെക്നീഷ്യൻ, വെയർഹൗസ് അസോസിയേറ്റ് എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികളും വൊക്കേഷണൽ ഹയർസെക്കൻഡറിയിലെ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, ട്രെയിനിങ് ലാബ് ടെക്നീഷ്യൻ റിസർച്ച് ആൻഡ് ക്വാളിറ്റി കൺട്രോൾ എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികളും സംയുക്തമായി ഒരുക്കുന്ന സ്കിൽ ഡേയിൽ എക്സിബിഷനും ഫെറാരി സംഘടിപ്പിക്കുന്ന എയർ ഷോയും ഉണ്ടായിരിക്കും. കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ സീമ കണ്ണൻ അധ്യക്ഷത വഹിക്കും. പ്രിൻസിപ്പൽ ടെസി മാത്യു, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ.എച്ച്. സുബൈർ, കൗൺസിലർ അൻവർ കുടിലിൽ, വിഎച്ച്എസ്ഇ അസിസ്റ്റൻറ് ഡയറക്ടർ പി നവീന, ഡെപ്യൂട്ടി ഡയറക്ടർ പി ജി ദയ, ആലുവ ഡി ഇ ഓ കെ ശിവദാസൻ, എസ്.എം.സി ചെയർമാൻ എ.ടി.സി കുഞ്ഞുമോൻ, പിടിഎ പ്രസിഡന്റ് ജബ്ബാർ പുത്തൻവീട്ടിൽ തുടങ്ങിയവർ പങ്കെടുക്കും.

# ഇന്ത്യ ബൈക്ക് വീക്ക് 2024 ഡിസംബർ 6, 7 തീയതകളിൽ ഗോവയിൽ

**മുംബൈ:** ഗൾഫ് സിൻട്രാക്ക് അവതരിപ്പിക്കുന്ന ഇന്ത്യ ബൈക്ക് വീക്ക് ഡിസംബർ 6, 7 തീയതികളിൽ ഗോവയിലെ വാഗേറ്ററിൽ നടക്കും. 'എല്ലാവരും ഒരുമിച്ച്' എന്ന പ്രമേയത്തിൽ നടക്കുന്ന ബൈക്ക് വീക്കിൽ ആഗോളതലത്തിലെ പ്രശസ്ത റൈഡർമാർ പങ്കെടുക്കും. ഇതുകൂടാതെ ഈ സീസണിൽ, നെക്സ്റ്റ് ചാപ്റ്ററിന്റെ, റെയ്സ് മോട്ടോ അവതരിപ്പിക്കുന്ന ഐബിഡബ്ല്യു ഹിൽ ക്ലൈമ്പ്, ഹാർലിഡേവിഡ്സണുമായി സഹകരിച്ച് ഫ്ലാറ്റ് ട്രാക്ക് റേസ് തുടങ്ങിയ ഇവന്റുകളുണ്ടാകും. 12 ലക്ഷം രൂപയുടെ സമ്മാനങ്ങളാണ് വിജയികളെ കാത്തിരിക്കുന്നത്.

ഇവന്റിന്റെ ഭാഗമായി സംഗീത പ്രകടനങ്ങളും പുതിയ ബൈക്ക്ആക്സസറി അനാച്ഛാദനങ്ങളും ഉണ്ടാകും. ഗൾഫ് സിൻട്രാക് ടിവ്ര ആക്ഷൻ ഗെയിംസ്, റെയ്സ് മോട്ടോ അവതരിപ്പിക്കുന്ന ഐബിഡബ്ല്യു ഡർട്ട് ഡാഷ്. കെ വി ടി റൈഡറും എക്സ് മോട്ടോ ജിപി / ലെ മാൻസ് റൈഡറുമായ സേവ്യർ സിമിയോൺ തന്റെ റേസിംഗ് കരിയർ ഹൈലൈറ്റുകളും മീറ്റ് & ഗ്രീറ്റും രണ്ട് ദിവസങ്ങളിലും ആരാധകരുമായി പങ്കിടും.

പ്രശസ്ത റാപ്പർ ഡിവൈൻ, ഹിപ്ഹോപ്പ് ആർട്ടിസ്റ്റ് ബ്രോഡ വി, ഇൻഡി മ്യൂസിക് ആർട്ടിസ്റ്റ് ഒഎഎഫ്എഫ് തുടങ്ങിയവരുടെ പ്രകടനങ്ങൾ എൻഎക്സ്എസ് സ്റ്റേജിൽ നടക്കും. ഗൾഫ് സിൻട്രാക് മോട്ടോ മെയ്ഹെം എഫ്എംഎക്സ് ഷോയിൽ അന്താരാഷ്ട്ര എഫ്എംഎക്സ് അത്ലറ്റുകൾ ഡബിൾ ജമ്പ് പ്രദർശനത്തിനായി ഇവിടെ ആദ്യമായി പങ്കെടുക്കുന്നു.

മോട്ടോ ആർട്ടിസ്റ്റുകളായ എഎൻജി വീൽസ്, ഇർഷാദ് ഷെയ്ഖ് എന്നിവർക്ക് മേളയിൽ തങ്ങളുടെ മികവ് പ്രകടിപ്പിക്കും. വിശാൽ അഗർവാൾ, കോലാപ്പൂർ വിന്റേജ് ബൈക്ക്സ്, പൂനെ വിന്റേജ് സ്കൂട്ടേഴ്സ് ക്ലബ് തുടങ്ങിയ ജോയി പോസ്റ്റലിന്റെ അപൂർവ ശേഖരം ഈ വർഷം കളക്ടേഴ്സ് കോർണറിൽ പ്രദർശിപ്പിക്കും. നവംബർ 23 മുതൽ വാരാന്ത്യ പാസിന് 3,499 രൂപയും ഒറ്റ ദിവസത്തെ പ്രവേശനത്തിന് 2,699 രൂപയുമാണ് നിരക്ക്. രജിസ്റ്റർ ചെയ്യാനും ടിക്കറ്റ് ബുക്ക് ചെയ്യാനും സന്ദർശിക്കുക: www.indiabikeweek.in

# മിൽമ എറണാകുളം മേഖലാ യൂണിയൻ ഡെയറികൾ സന്ദർശിക്കാൻ അവസരം ഒരുക്കുന്നു

## നാഷണൽ മിൽക്ക് ഡേ നവംബർ 26

**കൊച്ചി :** ഇന്ത്യയുടെ പാൽക്കാരനും മലയാളിയുമായ ആരാധ്യനായവർഗ്ഗീസ് കുര്യൻറെ ജന്മദിനമായ നവംബർ 26 ഇന്ത്യയൊട്ടുക്കും ക്ഷീരദിനമായി ആചരിക്കുകയാണ്. ഇതിനോടനുബന്ധിച്ച് ക്ഷീരമേഖലയെയും, മിൽമയുടെ പാൽ ഉൽപ്പാദന സംസ്കരണ വിതരണ ശൃഖംലയെയും കുറിച്ച് അടുത്തറിയാനും വിശദമായി മനസ്സിലാക്കാനുമായി മേഖലാ യൂണിയൻറെ തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി എന്നിവടങ്ങളിലെ മിൽക്ക് പ്രൊസസിംങ് ഡെയറികൾ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി നവംബർ 25 മുതൽ 27 വരെയുള്ള ദിവസങ്ങളിൽ തുറന്നു കൊടുക്കുമെന്ന് മേഖലാ യൂണിയൻ ചെയർമാൻ എം.ടി.ജയൻ അറിയിച്ചു. അന്നേ ദിവസം ഡെയറിയിൽ വരുന്ന സന്ദർശകരെ മധുരം നൽകി മിൽമ അധികൃതർ സ്വീകരിക്കുന്നു. അതോടൊപ്പം എല്ലാ യൂണിറ്റുകളിലും മിൽമ ഉൽപ്പന്നങ്ങളുടെ പ്രദർശന മേളയും ഉണ്ടായിരിക്കും .

സന്ദർശകർക്കും പൊതുജനങ്ങൾക്കും ഈ ദിവസങ്ങളിൽ ഡയറിയിലെ തയ്യാറാക്കിയ സെയിൽസ് കൗണ്ടറിൽ നിന്നും ഡിസ്ക്കൗണ്ട് നിരക്കിൽ മിൽമ ഉൽപ്പന്നങ്ങൾ ലഭിക്കുന്നതാണ്.

ക്ഷീരദിനത്തോടനുബന്ധിച്ച് വിവിധ സ്കൂളുകളിലായി വിദ്യാർത്ഥികൾക്കുള്ള ക്വിസ് മത്സരങ്ങൾ നടന്നു വരികയാണ്. വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനവിതരണവും നടന്നു വരുന്നു.

ഡയറി സന്ദർശിക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.തൃശ്ശൂർ ഡെയറി 9447543276 , എറണാകുളം ഡെയറി 9447078010 ,കോട്ടയം ഡെയറി 9495445911, കട്ടപ്പന ഡെയറി 9447396859.



# കാറ്ററിംഗ് യൂണിറ്റുകളിൽ വ്യാപക പരിശോധന: 10 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു

**തിരുവനന്തപുരം:** വടക്കൻ കേരളത്തിൽ കാറ്ററിംഗ് യൂണിറ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ പരിശോധന നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നോർത്ത് സോണിന്റെ കീഴിൽ വരുന്ന ജില്ലകളായ കോഴിക്കോട്, മലപ്പുറം കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ കാറ്ററിംഗ് യൂണിറ്റുകളിലാണ് 21, 22, 23 തീയതികളിലായി വ്യാപക പരിശോധനകൾ നടത്തിയത്. ജില്ലകൾ കേന്ദ്രീകരിച്ച് 28 സ്ക്വാഡുകളായി തിരിഞ്ഞ് 186 സ്ഥാപനങ്ങളിലാണ് പരിശോധനകൾ നടത്തിയത്. വിവിധ ചടങ്ങുകളോടനുബന്ധിച്ചും അല്ലാതെയും പ്രവർത്തിക്കുന്ന കാറ്ററിംഗ് യൂണിറ്റുകളെ കേന്ദ്രീകരിച്ചുണ്ടാകുന്ന ഭക്ഷ്യ വിഷബാധകളും പരാതികളും ഉയർന്നു വരുന്ന സാഹചര്യത്തിലാണ് പരിശോധനകൾ നടത്തിയത്. മറ്റ് മേഖലകളിലും പരിശോധന തുടരുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

വിശദ പരിശോധനയ്ക്കായി 24 സ്ഥാപനങ്ങളിൽ നിന്നും സ്റ്റാറ്റിയൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധനയ്ക്കയച്ചു. മറ്റ് അപാകതകൾ കണ്ടെത്തിയ സ്ഥാപനങ്ങളിൽ 45 സ്ഥാപനങ്ങൾക്ക് പിഴ ഒടുക്കുന്നതിനുള്ള നോട്ടീസ് നൽകുകയും 40 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസുകൾ നൽകുകയും 6 സ്ഥാപനങ്ങൾക്ക് ഇപ്രൂവ്മെന്റ് നോട്ടീസുകൾ നൽകുകയും ചെയ്തു. നിയമപരമായ ലൈസൻസില്ലാതെയും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും പ്രവർത്തിക്കുന്ന 10 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു.

കാറ്ററിംഗ് യൂണിറ്റുകളിലെ ലൈസൻസ്, ജീവനക്കാരുടെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ, വെള്ളം പരിശോധിച്ച റിപ്പോർട്ട്, പെസ്റ്റ് കൺട്രോൾ മാനദണ്ഡങ്ങൾ, പൊതുവായ ശുചിത്വം, പാചകത്തിനായി ഉപയോഗിക്കുന്ന വസ്തുക്കൾ, ഭക്ഷണം ട്രാൻസ്പോർട്ട് ചെയ്യുന്ന രീതികൾ എന്നിവ കർശന പരിശോധനയ്ക്ക് വിധേയമാക്കി.

സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഏകോപനത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് അംഗങ്ങളായ ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മീഷണർ ജേക്കബ് തോമസ്, ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മിഷണർ അജി. എസ്, ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മിഷണർ സക്കീർ ഹുസൈൻ, എഫ്.എസ്.ഒ ജോസഫ് കുര്യാക്കോസ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

# നിരക്ക് വർധന: സ്വകാര്യ ടെലികോം കമ്പനികളിൽ കൊഴിഞ്ഞുപോക്കു തുടരുന്നു

**ഡൽഹി:** നിരക്ക് വർധിപ്പിച്ചതു മുതൽ ഇന്ത്യൻ ടെലികോം മേഖലയിൽ ആരംഭിച്ച കൂടുമാറ്റം സെപ്റ്റംബറിലും തുടരുന്നതായി ടെലികോം റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുടെ (ട്രായ്) കണക്കുകൾ. ഈ വർഷം ജൂലൈയിൽ ഇന്ത്യൻ ടെലികോം കമ്പനികളായ റിലയൻസ് ജിയോ, ഭാരതി എയർടെൽ, വോഡഫോൺ ഐഡിയ എന്നീ കമ്പനികൾ നിരക്ക് വർധന പ്രഖ്യാപിച്ചിരുന്നു.

ട്രായിയുടെ കണക്ക് പ്രകാരം സെപ്റ്റംബറിൽ തുടർച്ചയായ മൂന്നാം മാസവും കന്പനികൾക്ക് ഉപയോക്താക്കളെ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുന്നു. അതേസമയം ബിഎസ്എൻഎൽ വരിക്കാരുടെ എണ്ണം ഉയർന്നു. നേരത്തേ ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ കണക്കുകൾ പുറത്തുവന്നപ്പോഴും ഇതേ ട്രെൻഡ് തന്നെയായിരുന്നു.

ട്രായിയുടെ റിപ്പോർട്ട് പ്രകാരം ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (ബിഎസ്എൻഎൽ) മാത്രമാണ് പുതിയതായി സെപ്റ്റംബറിൽ വയർലെസ് ഉപഭോക്താക്കളെ സ്വന്തമാക്കിയിരിക്കുന്നത്. സെപ്റ്റംബറിൽ ഏകദേശം 8.4 ലക്ഷം വരിക്കാരെ ബിഎസ്എൻഎൽ സ്വന്തമാക്കി എന്നാണ് റിപ്പോർട്ടിൽ പറയുന്നത്. സെപ്റ്റംബറിൽ ജിയോയ്ക്ക് 79 ലക്ഷം വയർലെസ് ഉപഭോക്താക്കളെ നഷ്ടപ്പെട്ടു. വോഡഫോൺ ഐഡിയയ്ക്ക് 15 ലക്ഷം ഉപോഭോക്താക്കളെ നഷ്ടമായി. എയർടെലിന് 14 ലക്ഷം ഉപയോക്താക്കളാണ് കുറഞ്ഞത്.

സ്വകാര്യ കന്പനികളെ മറികടന്ന് കൂടുതൽ വരിക്കാരെ സ്വന്തമാക്കാൻ ബിഎസ്എൻഎലിന് കരുത്തായത് കുറഞ്ഞ നിരക്കിൽ മികച്ച ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്ന പ്രീപെയ്ഡ് പ്ലാനുകളാണ്.

വരിക്കാരുടെ എണ്ണത്തിൽ ചെറിയ ഇടിവ് ഉണ്ടായിട്ടുണ്ടെങ്കിലും ഇന്ത്യൻ ടെലികോം വിപണിയിൽ ഒന്നാമൻ ഇപ്പോഴും ജിയോ തന്നെയാണ്. സെപ്റ്റംബറിൽ ജിയോ 40.20% (ഓഗസ്റ്റിൽ 40.53%) വിപണി വിഹിതവുമായി ഏറ്റവും വലിയ മൊബൈൽ ഓപറേറ്ററായി തുടർന്നു, എയർടെൽ 33.24% (ഓഗസ്റ്റിൽ 33.07%), വോഡഫോൺ ഐഡിയ 18.41% (ഓഗസ്റ്റിൽ 18.39%). ബിഎസ്എൻഎൽ 7.98% (ഓഗസ്റ്റിൽ 7.84%) വിപണി വിഹിതം നേടി.




# നൂതന കൊറോണറി ഇമേജിംഗ്, ഫിസിയോളജി ഉപകരണങ്ങൾ ഹൃദോഗ ചികിത്സയിലെ വിപ്ലവമെന്ന് വിദഗ്ധർ

**കൊച്ചി:** ഹൃദയധമനികളുടെ നൂതന ഇമേജിങ്ങ് , ഫിസിയോളജി ശാസ്ത്ര സാങ്കേതിക വിദ്യകൾ ചർച്ച ചെയ്ത് സൊസൈറ്റി ഫോർ കൊറോണറി ഇമേജിംഗ് ആൻഡ് ഫിസിയോളജി (എസ്.സി.ഐ.പി) യുടെ എട്ടാമത് വാർഷിക ദേശീയ സമ്മേളനം ഹോട്ടൽ ലെ മെറിഡിയനിൽ നടന്നു.കാർഡിയോളജി സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ.പി.സി. റാത്ത് സമ്മേളനം ഉൽഘാടനം ചെയ്തു.

ഹൃദയാഘാതത്തിനും മറ്റ് ഹൃദ്രോഗങ്ങൾക്കുമുള്ള ഇമേജിങ് വഴിയുള്ള താക്കോൽ ദ്വാര ചികിത്സകൾ ഏറെ കൃത്യത നൽക്കുന്നതാണെന്ന് ഡോ.പി.സി. റാത്ത് പറഞ്ഞു.സങ്കീർണത, ചെലവ്, വേദന, ആശുപത്രിവാസം എന്നിവ കുറച്ച് മികച്ച ചികിത്സാ ഫലം ഉറപ്പാക്കാൻ ഇത് സഹായിക്കും.

ഹൃദയധമനികളുടെ ഉൾവശം ചിത്രീകരിക്കുന്ന നൂതന സാങ്കേതിക വിദ്യയായ ഇൻട്രാ വാസ്കുലാർ അൾട്രാ സൗണ്ട് (ഐ.വി.യു.എസ്), ഒപ്റ്റിക്കൽ കൊഹിറൻസ് ടോമോഗ്രഫി (ഒ.സി.ടി) എന്നീ സാങ്കേതിക വിദ്യകൾ ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. മഹേഷ് എൻ.കെ വിശദീകരിച്ചു.

നേരിയ കുഴൽ ഉപയോഗിച്ചുള്ള നൂതനമായ രീതികളിലൂടെ ഹൃദയപേശികൾക്ക് രക്തം എത്തിക്കുന്ന രക്തക്കുഴലുകളുടെയും അവയിൽ രൂപപ്പെടുന്ന ബ്ലോക്കുകളുടെയും കൃത്യമായ ആന്തരിക ഇമേജിംഗ് ഇന്ന് സാധ്യമാണ്. തത്സമയ ദൃശ്യങ്ങൾ വിലയിരുത്തിയാണ് ബ്ലോക്കുകൾ നീക്കം ചെയ്യുന്നത്,' ഡോ. മഹേഷ് എൻ.കെ പറഞ്ഞു.ബ്ലോക്കുകളുടെ കാഠിന്യവും വ്യാപനവും നിർണ്ണയിക്കുന്നതിനായി ബ്ലോക്കുള്ള രക്തധമനികളിലെ രക്തയോട്ടത്തിന്റെ തോത് അളക്കാൻ ഫ്രാക്ഷണൽ ഫ്ലോ റിസർവ് (എഎഞ) പോലെയുള്ള ആധുനിക ഫിസിയോളജി സാങ്കേതിക വിദ്യകൾക്ക് സാധിക്കുമെന്ന് എസ്.സി.ഐ.പി പ്രസിഡന്റ് ഡോ.മധു ശ്രീധരൻ പറഞ്ഞു.

ബ്ലോക്കുകൾ നീക്കം ചെയ്ത് സ്റ്റെന്റ് സ്ഥാപിച്ചതിന് ശേഷം ചില രോഗികളിൽ സ്റ്റെന്റിട്ട ഭാഗം വീണ്ടും ഇടുങ്ങി പോവുന്ന അവസ്ഥയുണ്ടാവാമെന്ന് ഓർഗനൈസിംഗ് ചെയർമാൻ ഡോ.പി.കെ അശോകൻ പറഞ്ഞു. ഇൻസ്റ്റെന്റ് റെസ്റ്റെനോസിസ് (ഐ.എസ്.ആർ) എന്ന ഈ അവസ്ഥ മൂലം നെഞ്ചുവേദന, ശ്വാസതടസ്സം, അല്ലെങ്കിൽ കഠിനമായ കേസുകളിൽ ഹൃദയാഘാതം എന്നിവ ഉണ്ടായേക്കാം. ഇത് എങ്ങനെ പരിഹരിക്കാമെന്ന്

ഡോ. അശോകൻ വിശദീകരിച്ചു.എസ്.സി.ഐ പി പ്രസിഡന്റ് ഡോ. മധു ശ്രീധരൻ, ഓർഗനൈസിങ് ചെയർമാൻ ഡോ.പി.കെ. അശോകൻ, ഓർഗനൈസിങ് സെക്രട്ടറി ഡോ.മഹേഷ് എൻ.കെ, ഡോ.എൻ.പ്രതാപ് കുമാർ, ഡോ.എസ്.എം. അഷ്റഫ്, ഡോ. ലൂയി ഫിഷർ, ഡോ. മാത്യൂസ് പോൾ എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.സമ്മേളനത്തിൽ രണ്ട് സമാന്തര ട്രാക്കിൽ മൂന്ന് ദിവസങ്ങളിലായി ഇരുപത്തിയഞ്ച് സുപ്രധാന ശാസ്ത്ര സെഷനുകളാണ് നടന്നത്.അന്താരാഷ്ട്ര ഫാക്കൽറ്റികളായ ഡോ. അകിക്കോ മേഹാര (കൊളംബിയ യൂണിവേഴ്സിറ്റി, ന്യൂയോർക്ക്), ഡോ. കാർലോസ് കളക്ട് (ബെൽജിയം), ഡോ. ഗാരി മിന്റ്സ് (ന്യൂയോർക്ക്), ഡോ. ജിയുലിയോ ഗ്വാഗ്ലിയുമി (ഇറ്റലി), ഡോ. രാജ് ഡേവ്. (യുഎസ്), ഡോ. ഫ്ലോറിം കുക്കുലി (സ്വിറ്റ്സർലൻഡ്), ഡോ. സൻജോഗ് കൽറ (കാനഡ) എന്നിവർ വിദഗ്ധ ചർച്ചകൾക്ക് നേതൃത്വം നൽകി.

ഐ.വി. യു.എസ് , ഒ.സി.ടി എന്നിവയ്ക്ക് പുറമെ രക്ത കുഴൽ ശാഖകളായി പിരിയുന്നിടത്തെ സങ്കീർണ്ണ ബ്ലോക്കുകളുടെ ഇമേജിങ്ങ്, സ്റ്റെന്റ് ഒപ്റ്റിമൈസേഷൻ, കാൽസിഫൈഡ് ബോൾക്കുകളുടെ ഇമേജിംഗ്, തുടങ്ങിയവയെക്കുറിച്ച് പ്രത്യേക സെഷനുകൾ നടന്നു. ഫ്രാക്ഷണൽ ഫ്ലോ റിസർവ് (എഫ്എഫ്ആർ) പോലുള്ള ഫിസിയോളജി ഗൈഡഡ് ചികിത്സകളും പ്രധാന ചർച്ചാ വിഷയമായി. ഒസിടി, ഐവിയുഎസ്, എഫ്എഫ്ആർ എന്നിവയിലെ ഏറ്റവും പുതിയ ശാസ്ത്ര സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പാഠങ്ങൾ നൽകുന്ന ശിൽപ്പശാലയും സമ്മേളനത്തിന്റെ ഭാഗമായി നടന്നു.

അന്താരാഷ്ട്ര, ദേശീയ വിദഗ്ദ്ധരടങ്ങുന്ന മുന്നൂറിലധികം പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

# കേരളത്തിൽ സാന്നിധ്യം ശക്തമാക്കി സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ്

**തൃശൂർ:** റീട്ടെയിൽ ആരോഗ്യ ഇൻഷുറൻസ് മേഖലയ്ക്ക് മാത്രമായി പ്രവർത്തിക്കുന്ന സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് 60 ശാഖകളുമായി കേരളത്തിൽ സാന്നിധ്യം ശക്തമാക്കുന്നു. സംസ്ഥാനത്ത് 531 നെറ്റുവർക്ക് ആശുപത്രികളുടേയും 53,000 ഏജന്റുമാരുടെയും ശക്തമായ ശൃംഖലയുള്ള സ്റ്റാർ ഹെൽത്ത് 21 ലക്ഷം ആളുകൾക്ക് പരിരക്ഷയേകി. കേരളത്തിൽ സ്റ്റാർ ഹെൽത്തിന്റെ വിപണി വിഹിതം 72 ശതമാനമാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ 2,650 കോടി രൂപയുടേയും ക്ലെയിമുകൾ തീർപ്പാക്കി.സ്റ്റാർ ഹെൽത്ത് ഇൻഷുറൻസിന്റെ ബിസിനസ് പ്രവർത്തനങ്ങളുടെ സുപ്രധാന മേഖലയാണ് കേരളമെന്ന് സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് എക്സിക്യൂട്ടീവ് പ്രസിഡന്റ് സനന്ദ് കുമാർ പറഞ്ഞു. ഇവിടെയുള്ള വൈവിധ്യമാർന്ന ജനതയും ഏറെ മുന്നിൽ നിൽക്കുന്ന ആരോഗ്യ സേവന മേഖലയും സമഗ്രമായ ഇൻഷുറൻസ് സംവിധാനങ്ങൾ ലഭ്യമാക്കാൻ തങ്ങളെ സഹായിക്കുന്നു. ഹോം ഹെൽത്ത് കെയർ സേവനം, കാഴ്ച പരിമിധിയുള്ളവർക്കായി ബ്രെയിലി പോളിസി, ഫ്രീ ടെലി മെഡിസിൻ, സമഗ്ര വാക്സിനേഷൻ കാമ്പെയിൻ പോലുള്ളവ അവതരിപ്പിച്ച് തങ്ങളുടെ തുടർന്നു കൊണ്ടിരിക്കുന്ന നീക്കങ്ങൾ കൂടുതൽ പേരിലേക്ക് സേവനം എത്തിക്കാനും ഇവിടെയുള്ളവരുടെ മൊത്തത്തിലുള്ള ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും തങ്ങളുടെ പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. കേരളത്തിന്റെ വൈവിധ്യമാർന്ന ആരോഗ്യ സംരക്ഷണ ആവശ്യങ്ങൾക്ക് അനുസൃതമായി എല്ലാവർക്കും യോജിക്കുന്നതും ഉൾക്കൊള്ളുന്നതുമായ ഇൻഷുറൻസ് സേവനങ്ങളും സ്റ്റാർ ഹെൽത്തിന്റെ പ്രതിബദ്ധതയെയാണ് കാണിക്കുന്നതെന്ന് സനന്ദ് കുമാർ കൂട്ടിച്ചേർത്തു.




# യുപിഐ സർക്കിൾ അവതരിപ്പിച്ചു

**ഡൽഹി:** ഡിജിറ്റൽ പേയ്മെൻറ് സംവിധാനങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതു ലക്ഷ്യമിട്ട് പുതിയ ഫീച്ചർ അവതരിപ്പിച്ചിരിച്ച് നാഷണൽ പേയ്മെൻറ് കോർപറേഷൻ ഓഫ് ഇന്ത്യ. യുപിഐ അക്കൗണ്ട് പല വ്യക്തികൾക്ക് ഉപയോഗിക്കാവുന്ന തരത്തിൽ 'യുപിഐ സർക്കിൾ' എന്ന ഫീച്ചറാണ് പുതുതായി അവതരിപ്പിച്ചിരിക്കുന്നത്.ഒരു യുപിഐ ഉപയോക്താവിൻറെ അക്കൗണ്ട് ഉപയോഗിച്ച് അദ്ദേഹത്തിൻറെ അനുമതിയോടെയോ അല്ലെങ്കിൽ യുപിഐ ഉപയോക്താവ് ചുമതലപ്പെടുത്തുകയോ ചെയ്യുന്ന മറ്റേതെങ്കിലും വ്യക്തികൾക്ക് ഇത്തരത്തിൽ യുപിഐ ഇടപാടുകൾ നടത്താൻ കഴിയും എന്നതാണ് പുതിയ ഫീച്ചറിൻറെ പ്രത്യേകത. പരമാവധി 5 പേരെ യുപിഐ ഇടപാടുകൾ നടത്താൻ ഒരു പ്രാഥമിക ഉപയോക്താവിന് അനുവദിക്കാവുന്നതാണ്.

സ്വന്തമായി ബാങ്ക് അക്കൗണ്ട് ഇല്ലാത്ത അല്ലെങ്കിൽ ഒരു ബാങ്ക് അക്കൗണ്ട് മാത്രം ഉപയോഗിക്കുന്ന വ്യക്തികൾക്കുള്ളതാണ് യുപിഐ സർക്കിൾ. ഇതിലൂടെ മുതിർന്ന പൗരന്മാർ, ഭാര്യ, കുടുംബത്തിലെ മറ്റ് അംഗങ്ങൾ അല്ലെങ്കിൽ കുട്ടികൾ എന്നിവർക്ക് യുപിഐ വഴി പണമടയ്ക്കാനുള്ള സൗകര്യം പ്രാഥമിക യുപിഐ അക്കൗണ്ട് ഉടമയ്ക്ക് നൽകാം.ഒട്ടുമിക്ക മേഖലകളിലും യുപിഐ ഇടപാടുകൾ വർധിച്ചിട്ടുണ്ടെങ്കിലും ഈ സംവിധാനം ഉപയോഗിക്കാത്തവരും നിരവധിയാണ്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com